# ദൈവരാജ്യം

കോതമംഗലം രൂപതാ ബുള്ളറ്റിൻ

ഏപ്രിൽ 2025 വാല്യം 64 ലക്കം 04

Season of Great Fast and Resurrection




**യേശു അവളോടു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും.**
**എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.**
**യോഹന്നാൻ 11 : 25**



ധീര രക്തസാക്ഷി വിശുദ്ധ ഗീവർഗീസ് സഹദായുടെ
നാമധാരികളായ

## അഭിവന്ദ്യ മാർ ജോർജ്
## മഠത്തിക്കണ്ടത്തിൽ പിതാവിനും
## അഭിവന്ദ്യ മാർ ജോർജ് പുന്നക്കോട്ടിൽ
## പിതാവിനും

**കോതമംഗലം രൂപതാകുടുംബത്തിന്റെ**

**നാമഹേതുക തിരുനാൾ ആശംസകൾ**

# ദൈവരാജ്യം

കോതമംഗലം രൂപത ബുള്ളറ്റിൻ

ഏപ്രിൽ 2025 വാല്യം 64 ലക്കം 4




## ഉള്ളടക്കം


5 ഈസ്റ്റർ: ഉത്ഥിതനെ കണ്ടുമുട്ടുന്ന പ്രത്യാശയുടെ തിരുനാൾ
9 രൂപതക്കച്ചേരി
16 ഒഡീഷ മിഷൻ
17 മൈനർ സെമിനാരി
18 വിജ്ഞാനഭവൻ
22 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
24 നിർമ്മല സിവിൽ സർവീസ് അക്കാദമി
25 സോഷ്യൽ സർവീസ്
27 ചെറുപുഷ്പ മിഷൻലീഗ്
28 ഫാമിലി അപ്പോസ്റ്റലേറ്റ്
30 പ്രോ–ലൈഫ്
31 പിതൃവേദി
31 മാതൃവേദി
32 മദ്യവിരുദ്ധസമിതി
33 ഡി.എഫ്.സി.
35 യുവദീപ്തി –K.C.Y.M.
36 ജീസസ് യൂത്ത്
37 അല്മായ ഫ്രാൻസിസ്കൻ സഭ
38 പ്രാർത്ഥനാഗ്രൂപ്പ്
39 കേരള ലേബർ മൂവ്മെന്റ്
39 നെസ്റ്റ് പ്രോഗ്രാം
39 തിരുനാൾ മംഗളങ്ങൾ
41 രൂപതാദ്ധ്യക്ഷന്റെ ഡയറി
44 Bishop's Engagements
46 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
47 നിര്യാതരായി



**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA



The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ

Page 5 ഈസ്റ്റർ: ഉത്ഥിതനെ കണ്ടുമുട്ടുന്ന പ്രത്യാശയുടെ തിരുനാൾ
Page 10 നോമ്പുകാല പിരിവ്
Page 11 പുതുഞായർ, ദൈവകരുണയുടെ തിരുനാൾ
Page 12 മിഷൻ സംഗമം
Page 15 ജൂബിലി സ്മാരക സ്കോളർഷിപ്പ്
Page 17 ദൈവവിളി ക്യാമ്പ്

## തിരുനാളുകൾ



**13**
ഓശാന ഞായർ



**17**
പെസഹാവ്യാഴം



**18**
പീഡാനുഭവവെള്ളി



**19**
വലിയ ശനി



**20**
ഉയിർപ്പുതിരുനാൾ



**24**
വി. ഗീവർഗീസ്



**25**
വി. മർക്കോസ്



**27**
പുതുഞായർ,
ദൈവകരുണയുടെ
തിരുനാൾ



**29**
സിയന്നായിലെ
വി. കാതറിൻ

ദൈവകൃപയാൽ
കോതമംഗലം രൂപതയുടെ മെത്രാനായ
**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും
സന്യാസിനീസന്യാസികൾക്കും
അല്മായ വിശ്വാസികൾക്കും എഴുതുന്നത്

മിശിഹായിൽ സ്നേഹമുള്ളവരേ,

# ഈസ്റ്റർ: ഉത്ഥിതനെ കണ്ടുമുട്ടുന്ന പ്രത്യാശയുടെ തിരുനാൾ

ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനവും രക്ഷണീയ ചരിത്രത്തിലെ സുപ്രധാന സംഭവവുമായ ഈശോയുടെ ഉത്ഥാനത്തിന്റെ ഓർമ്മയും ആഘോഷവുമായി ഈസ്റ്റർ കടന്നുവരികയാണല്ലോ. ഈശോയുടെ പീഡാനുഭവത്തിനും മരണത്തിനും ശേഷം നിരാശരായ ശിഷ്യന്മാർക്കും ആദിമ സഭയ്ക്കും പ്രത്യാശയും ആത്മവിശ്വാസവും നൽകിയ തിരുവുത്ഥാനം ഈ 'പ്രത്യാശയുടെ തീർത്ഥാടനകാലത്ത്' നമുക്കും ആത്മീയ ഊർജ്ജമാകണം. ഈശോമിശിഹായുടെ ഉത്ഥാനം ഒരു പുതിയ തുടക്കം ആയിരുന്നു. ഉത്ഥിതന്റെ പിന്നാലെ പ്രത്യാശയോടെ നമുക്ക് യാത്ര തുടരാം. എല്ലാം പുതുതായി ആരംഭിക്കുവാനും നഷ്ടപ്പെട്ടതും കഴിഞ്ഞുപോയതുമായ കാര്യങ്ങൾ ഓർത്ത് ആകുലരാകാതിരിക്കാനും നമ്മെ പ്രചോദിപ്പിക്കുന്ന തിരുനാളാണ് ഈസ്റ്റർ. വലിയ നോമ്പുകാലത്തെ നമ്മുടെ വിവിധ തരത്തിലുള്ള ഒരുക്കങ്ങളും പ്രാർത്ഥനകളും തപശ്ചര്യകളും ഉത്ഥാനത്തിന്റെ സന്തോഷത്തിലേക്ക് നമ്മെ നയിക്കുന്നതാകണം. ഈശോ ഉത്ഥിതനായി എന്നതായിരുന്നു അപ്പസ്തോലന്മാരുടെ സുവിശേഷപ്രഘോഷണത്തിന്റെ അടിസ്ഥാനം."ക്രിസ്തു ഉയിർപ്പിക്കപ്പെട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർഥമാണ്. നിങ്ങളുടെ വിശ്വാസവും വ്യർഥം."(1 കോറി 15:14).

ആഗോള സഭ ജൂബിലി വർഷമായി ആചരിക്കുന്ന ഈ കാലത്ത് പ്രത്യാശയുടെ തീർത്ഥാടകരാകാൻ ഈ വർഷത്തെ ഈസ്റ്റർ നമ്മെ

പ്രചോദിപ്പിക്കട്ടെ. "പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല" (റോമാ 5:5) എന്ന വചനം നമ്മെ ശക്തരാക്കട്ടെ. ജീവിതത്തിലെ വ്യത്യസ്തങ്ങളായ പ്രതിസന്ധികളെയും ബുദ്ധിമുട്ടുകളെയും ഉത്ഥിതനായ ഈശോ നൽകുന്ന പ്രത്യാശയുടെ വെളിച്ചത്തിൽ കാണാനും സ്വീകരിക്കാനും സാധിക്കുമ്പോൾ ജീവിതം കൂടുതൽ നന്മ നിറഞ്ഞതാകും. തിന്മയുടെ സ്വാധീനങ്ങളെ നന്മയുടെ ശക്തികൊണ്ട് കീഴ്പ്പെടുത്താൻ നമുക്ക് സാധിക്കേണ്ടതുണ്ട്. സമൂഹത്തിന്റെ സമസ്തമേഖലകളിലേക്കും നിഷേധാത്മകമായ സ്വാധീനങ്ങൾ ശക്തമാകുന്ന ഈ കാലഘട്ടത്തിൽ ഈശോയുടെ സുവിശേഷത്തിന്റെ സാക്ഷികളായി ജീവിക്കുവാനുള്ള വെല്ലുവിളി ധൈര്യപൂർവം ഏറ്റെടുക്കാം.

ഉത്ഥിതനായ ഈശോ നമ്മുടെ കൂടെയുണ്ട് എന്ന വിശ്വാസവും ബോധ്യവും നമ്മെ പ്രത്യാശയോടെ ജീവിക്കാൻ പ്രേരിപ്പിക്കും. ഈ കാലഘട്ടത്തിൽ നാം ഉത്ഥിതനെ കണ്ടുമുട്ടുന്നത് സഭയിലും സഭയിലൂടെ പരികർമ്മം ചെയ്യപ്പെടുന്ന വിശുദ്ധ കൂദാശകളിലൂടെയുമാണ്. ദൈവസ്നേഹവും ദൈവകരുണയും അനുഭവിക്കുവാനും ആസ്വദിക്കുവാനും സാധിക്കണമെങ്കിൽ നമ്മുടെ സഭാത്മക ജീവിതം കൂടുതൽ സജീവമാകണം. പരിശുദ്ധ കുർബാനയിലുള്ള ഈശോയുടെ സജീവ സാന്നിധ്യത്തെ നമ്മുടെ ജീവിതത്തിന്റെ കേന്ദ്രമായി സ്വീകരിക്കുമ്പോൾ ഉത്ഥിതനെ കണ്ടുമുട്ടുവാനും അവിടുത്തോട് ചേർന്ന് നിൽക്കുവാനും നമുക്ക് സാധിക്കും. ഈ സത്യം തിരിച്ചറിഞ്ഞതുകൊണ്ടാണ് നമ്മുടെ രൂപതയിലെ 14 ഫൊറോനകളിലൂടെയും എല്ലാ ഇടവകകളിലൂടെയും കടന്ന് വന്ന 'ദിവ്യകാരുണ്യ പ്രയാണം' സംഘടിപ്പിക്കപ്പെട്ടത്. ഇങ്ങനെ ലഭിക്കുന്ന വിവിധങ്ങളായ അവസരങ്ങളിലൂടെ ഈശോയെ അടുത്ത് അറിയാൻ നമുക്ക് ഇടയാകട്ടെ.

നിത്യജീവിതത്തെക്കുറിച്ചുള്ള ബോധ്യം ആഴപ്പെടുത്തുന്ന തിരുനാളാണ് ഈസ്റ്റർ. ഈ ലോക ജീവിതത്തിനു ശേഷം ദൈവം നമുക്കായി ഒരുക്കിയിരിക്കുന്ന നിത്യജീവൻ എന്ന യാഥാർത്ഥ്യം ഒരു ആത്മീയ ലക്ഷ്യമായി നമുക്ക് മനസ്സിൽ സൂക്ഷിക്കാം. ഈശോയുടെ പരസ്യജീവിതം മുന്നോട്ട് നീങ്ങിയത് പീഡാനുഭവത്തെയും മരണത്തെയും

സർവ്വോപരി ഉയിർപ്പിനെയും ലക്ഷ്യം വച്ചുകൊണ്ടായിരുന്നു. അതുകൊണ്ടാണ് ഈശോ മൂന്ന് പ്രാവശ്യം തന്റെ പീഡാസഹന മരണ ഉത്ഥാന രഹസ്യങ്ങളെക്കുറിച്ച് ശിഷ്യന്മാർക്ക് മുന്നറിയിപ്പ് നൽകുന്നത്. ഈ ലോകത്തിലുള്ള നമ്മുടെ ജീവിതവും ഇവിടത്തെ നേട്ടങ്ങളും സ്ഥാനമാനങ്ങളും താൽക്കാലികമാണെന്നും നിത്യജീവനുമായി താരതമ്യം ചെയ്യുമ്പോൾ ഇവ നിസ്സാരമാണെന്നും തിരിച്ചറിയാൻ സാധിക്കുമ്പോഴാണ് നമ്മുടെ വിശ്വാസജീവിതം പക്വത പ്രാപിക്കുന്നത്. ഇങ്ങനെ പക്വത പ്രാപിക്കുന്ന വിശ്വാസ ജീവിതങ്ങളും അവർ ഉൾപ്പെടുന്ന കുടുംബങ്ങളും സഭയ്ക്കും സമൂഹത്തിനും അഭിമാനമാകും. താല്ക്കാലികമായ സുഖസന്തോഷങ്ങളിലും ഭൗതിക നേട്ടങ്ങളിലും മാത്രം ലക്ഷ്യം വയ്ക്കുന്ന തലമുറ വളർന്നുവരുന്നത് കാലഘട്ടത്തിന്റെ വെല്ലുവിളിയായി നാം തിരിച്ചറിയേണ്ടതുണ്ട്. കലയും സാഹിത്യവും സിനിമകളും തിന്മയുടെ ശക്തികളെ പ്രോത്സാഹിപ്പിക്കുന്നതും മയക്കുമരുന്നും ലഹരിവസ്തുക്കളും അക്രമണങ്ങളും മഹത്വവൽക്കരിക്കുന്നതും ഗൗരവത്തോടെ നാം ശ്രദ്ധിക്കണം. ഉത്ഥിതനെ കണ്ടുമുട്ടുന്നവർക്ക് സംഭവിക്കുന്ന ചില കാര്യങ്ങൾ ഈ ഉത്ഥാന തിരുനാൾ ആഘോഷിക്കുമ്പോൾ നമുക്ക് മനസ്സിൽ ഓർത്ത് വയ്ക്കാം. ഉത്ഥിതനെ ആദ്യമായി കണ്ട മറിയം പ്രേഷിതയായി മാറുന്നത് നാം കാണുന്നുണ്ട്. മിശിഹാദർശനത്തിലൂടെ ലഭിച്ച പ്രേഷിത തീക്ഷ്ണത അവളുടെ ജീവിതത്തെ മാറ്റിമറിക്കുന്നു. കർത്താവ് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ അവർക്ക് അവിടത്തോട് വ്യക്തിപരമായി ഉണ്ടായിരുന്ന ബന്ധം ആഴപ്പെട്ടു. “ശിഷ്യന്മാരിലാരും അവനോട് നീ ആരാണ് എന്നു ചോദിക്കാൻ മുതിർന്നില്ല; അതു കർത്താവാണെന്ന് അവർ അറിഞ്ഞിരുന്നു” (യോഹ 21 : 12). ഈശോ തോമാശ്ലീഹായ്ക്ക് പ്രത്യക്ഷപ്പെടുമ്പോഴും ഇതുതന്നെയാണ് സംഭവിക്കുന്നത്. “എന്റെ കർത്താവേ, എന്റെ ദൈവമേ” (യോഹ 20:28) എന്ന വിശ്വാസ പ്രഖ്യാപനം തോമസിന്റെ വ്യക്തിപരമായ മിശിഹാ അനുഭവത്തിന്റെ സാക്ഷ്യപ്പെടുത്തലായിരുന്നു.

ഉത്ഥിതനായ ഈശോയെ കണ്ടുമുട്ടിയവർക്കെല്ലാം ലഭിച്ച ദൈവാനുഭവങ്ങളും ധൈര്യവും ആത്മീയ ശക്തിയും നമുക്ക് ഈ കാലഘട്ടത്തിൽ അനിവാര്യമാണ്. ഉത്ഥിതനായ ഈശോ തന്റെ കരങ്ങൾ ഉ

യർത്തി നമ്മെ ആശീർവദിച്ചുകൊണ്ട് പറയുന്നു: "നിങ്ങൾക്ക് സമാധാനം." അസമാധാനത്തിന്റെയും അസ്വസ്ഥതകളുടെയും സാഹചര്യങ്ങൾ കടന്നുവരുമ്പോൾ നമുക്ക് ഉത്ഥിതനായ ഈശോയിൽ ആശ്രയിക്കാം; അവിടുന്ന് നൽകുന്ന സമാധാനം സ്വീകരിക്കാം.

ആഗതമാകുന്ന ഉയിർപ്പ് തിരുനാൾ നമ്മെ കൂടുതൽ പ്രത്യാശാനിർഭരരാക്കട്ടെ. നിത്യജീവിതത്തെക്കുറിച്ചുള്ള ബോധ്യങ്ങളിൽ ആഴപ്പെടാൻ നമ്മെ പ്രചോദിപ്പിക്കട്ടെ. ദൈവം കൂടെയുണ്ട് എന്ന ചിന്തയോടെ തിന്മയുടെ ആനുകാലിക സ്വാധീനങ്ങൾക്കെതിരെ പോരാടാൻ നമ്മെ ധൈര്യപ്പെടുത്തട്ടെ. ഉത്ഥിതനായ ഈശോയുമായുള്ള വ്യക്തിപരമായ ബന്ധം ശക്തമാക്കി പ്രേഷിത തീക്ഷ്ണതയോടെ സുവിശേഷത്തിന് സാക്ഷ്യം വഹിക്കുവാൻ നമുക്കേവർക്കും സാധിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഉയിർപ്പു തിരുനാളിന്റെ സന്തോഷവും സമാധാനവും പ്രത്യാശയും ഏവർക്കും സ്നേഹപൂർവം നേരുന്നു.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും ✠ പരിശുദ്ധാത്മാവിന്റെയും ✠ നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനഭവനത്തിൽനിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

---

NB: 2025 ഏപ്രിൽ 6-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലിമദ്ധ്യേ വായിക്കേണ്ടതാണ്.

# രൂപതക്കച്ചേരി

## C. 30/2025 വിശുദ്ധ മൂറോൻ

ഓശാന കഴിഞ്ഞുവരുന്ന തിങ്കളാഴ്ച, (14.04.2025) രൂപതയിലെ എല്ലാ വൈദികരും കോതമംഗലം കത്തീഡ്രൽ ദൈവാലയത്തിൽ ഒരുമിച്ചു ചേർന്ന് ഉയിർപ്പുതിരുനാളിനുള്ള ആത്മീയ ഒരുക്കം നടത്തുകയും അഭിവന്ദ്യ പിതാവിന്റെ കാർമ്മികത്വത്തിൽ വി. മൂറോൻ കൂദാശ നടത്തുകയും ചെയ്യുന്ന കാര്യം അറിയിക്കുന്നു. അന്നേദിവസം രാവിലെ 09.45 ന് ധ്യാനവും അതേത്തുടർന്ന് 10.30 മുതൽ കുമ്പസാരവും ഉണ്ടായിരിക്കും. 11.15 ന് ആഘോഷമായ ദിവ്യബലിയോടുകൂടെ വി. മൂറോൻ കൂദാശ നടത്തി തിരുക്കർമ്മങ്ങൾ സമാപിക്കുന്നതാണ്. ഇടവകയിലെ കുമ്പസാരത്തിന്റെ സമയം ക്രമീകരിക്കുമ്പോൾ ബഹു. വികാരിയച്ചന്മാർ ഇക്കാര്യവും ശ്രദ്ധിക്കുമല്ലോ. പള്ളികളിൽ കൊണ്ടുപോയി പൂജ്യമായി സൂക്ഷിക്കുന്നതിനുള്ള വി. മൂറോൻ അന്നുതന്നെ കത്തീഡ്രൽ ദൈവാലയത്തിൽ നിന്നും ലഭിക്കുന്നതാണ്.

*Bishop*

## C. 31/2025 Presbyterium

The plenary meeting of the priests of the eparchy will be held on Tuesday, April 22, 2025 from 10.00 am to 1.00 pm at NESTT. All are expected to participate without fail.

*Bishop*

## C. 32/2025 മ്ശംശാനൂസ പട്ട സ്വീകരണം

നമ്മുടെ രൂപതയ്ക്ക് വേണ്ടി വൈദിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന ഹെവ്പ്പദയാക്ക്നമാരായ ജോർജ് പള്ളിക്കുന്നേൽ, മാനുവൽ ചെമ്പരത്തി, ആന്റണി മുട്ടത്തുകുടിയിൽ, ജോസ് കുന്നപ്പിള്ളിൽ, ജോസഫ് പീച്ചാട്ട്, ജോർജ്ജ് പുതുമനതൊട്ടിയിൽ, ജോസഫ് ചാരനാൽ, സെബാസ്റ്റ്യൻ വെള്ളാപ്പിള്ളിൽ, മൈക്കിൾ മ്ലാക്കുഴിയിൽ എന്നിവർ 2025 ഏപ്രിൽ 12-ാം തീയതി രാവിലെ 9.00-ന് കോതമംഗലം കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പി

താവിൽ നിന്നും മ്ശംശാനൂസ പട്ടം സ്വീകരിക്കുന്നു. ഇവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*Protosyncellus*

## *C.33/2025* ഹെവ്പ്പദ്യാക്ക്നൂസ-കാറോയൂസ പട്ട സ്വീകരണവും-വൈദികവസ്ത്ര സ്വീകരണവും

നമ്മുടെ രൂപതയ്ക്കുവേണ്ടി വൈദിക പരിശീലനം നടത്തിക്കൊണ്ടിരിക്കുന്ന കാറോയ മുല്ലശ്ശേരിൽ ബ്രദർ ആന്റണി; ഒന്നാം വർഷ ദൈവശാസ്ത്രപഠനം പൂർത്തിയാക്കിയ ഇടവഴിക്കൽ ബ്രദർ തോമസ്, പരുന്തുംപ്ലാക്കൽ ബ്രദർ ആന്റണി, കുന്നത്ത് ബ്രദർ ജോസഫ്, കുഴിക്കാട്ട് ബ്രദർ ജോർജ്, കുന്നുംപുറത്ത് ബ്രദർ ജോർജ്, തൃക്കണ്ണശ്ശേരിൽ ബ്രദർ ജോസഫ്; റീജൻസിക്കാരായിരുന്ന കിഴക്കേക്കുറ്റ് ബ്രദർ ജോസഫ്, കുറുമാംതോട്ടത്തിൽ ബ്രദർ തോമസ്, പുന്നയ്ക്കപ്പടവിൽ ബ്രദർ ജോർജ്, ഈഴപ്പറമ്പിൽ ബ്രദർ ഫ്രാൻസീസ്, മാപ്പിളകുന്നേൽ ബ്രദർ സൈമൺ പീറ്റർ, മാപ്പിളമാട്ടേൽ ബ്രദർ ജോസഫ്, കുറ്റിയാനിമറ്റത്തിൽ ബ്രദർ സ്കറിയ, മുല്ലശ്ശേരിൽ ബ്രദർ ജോസഫ് എന്നിവർ 2025 ഏപ്രിൽ 25-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് കോതമംഗലം, സെന്റ് ജോർജ് കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിൽ നിന്നും യഥാക്രമം ഹെവ്പ്പദ്യാക്ക്നൂസ പട്ടവും കാറോയൂസ പട്ടവും വൈദികവസ്ത്രവും സ്വീകരിക്കുന്നു. ഇവർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കാം.

*Protosyncellus*

## *C. 34/2025* നോമ്പുകാല പിരിവ്

നോമ്പുകാലത്ത് നാം നടത്തുന്ന ത്യാഗപ്രവർത്തികൾ വഴി മിച്ചം വരുന്ന പണംകൊണ്ട് സഹോദരങ്ങളെ സഹായിക്കാൻ നമുക്കു സാധിക്കും. ആയതിനാൽ, ഈ വർഷത്തെ നോമ്പുകാല പിരിവായി നാം എടുക്കുന്ന ഓശാന ഞായറാഴ്ചത്തെ സ്തോത്രക്കാഴ്ചയും സന്ന്യാസഭവനങ്ങളിലെ നോമ്പുകാല സംഭാവനകളും രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയുടെ വിവിധ പദ്ധതികൾക്കായി വിനിയോഗിക്കാനാണ് ആഗ്രഹിക്കുന്നത്. ബഹു. വികാരിയച്ചന്മാരും

സന്ന്യാസസഭാധികാരികളും ഇപ്രകാരം ലഭിക്കുന്ന തുക ഏപ്രിൽ 30-നകം രൂപത സോഷ്യൽ സർവീസ് സൊസൈറ്റിയിൽ ഏൽപ്പിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*Protosyncellus*

### C. 35/2025 അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും തിരുനാൾ മംഗളങ്ങൾ

വി. ഗീവർഗീസിന്റെ നാമധാരികളായ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിനും മാർ ജോർജ് പുന്നക്കോട്ടിൽ പിതാവിനും വൈദികർക്കും തിരുനാൾ മംഗളങ്ങൾ നേരുന്നതിനായി രൂപതയിലെ മുഴുവൻ വൈദികരും സന്ന്യാസസമൂഹങ്ങളുടെ പ്രൊവിൻഷ്യൽസ്/ പ്രതിനിധികൾ, ഭക്തസംഘടനകളുടെ പ്രസിഡന്റുമാർ, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരും പങ്കെടുക്കുന്ന മീറ്റിംഗ് 2025 ഏപ്രിൽ 22-ാം തീയതി ചൊവ്വാഴ്ച രാവിലെ 11.00-ന് മൂവാറ്റുപുഴ NESTT-ൽ വച്ച് നടക്കുന്നു. അഭിവന്ദ്യ പിതാക്കന്മാർക്കും വൈദികർക്കും നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേരുന്നതിനായുള്ള മീറ്റിംഗിലേയ്ക്കും തുടർന്നുള്ള സ്നേഹവിരുന്നിലേയ്ക്കും മേല്പറഞ്ഞ എല്ലാവരെയും സ്നേഹപൂർവം ക്ഷണിക്കുന്നു.

*Protosyncellus*

### C. 36/2025 പുതുഞായർ, ദൈവകരുണയുടെ തിരുനാൾ

മാർ തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തെ ആഘോഷിക്കുന്ന പുതുഞായർ തിരുനാൾ ഈസ്റ്റർ കഴിഞ്ഞുവരുന്ന ഞായറാഴ്ചയാണല്ലോ. ആഗോളസഭയിൽ ദൈവകരുണയുടെ തിരുനാൾ ആഘോഷിക്കുന്നതും അന്നേദിവസം തന്നെയാണ്. ഈ രണ്ടു തിരുനാളുകളും സമുചിതമായി ആഘോഷിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Protosyncellus*

### C. 37/2025 സാമൂഹ്യസേവന പ്രവർത്തനങ്ങളുടെ റിപ്പോർട്ട് 2024-2025

കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ നമ്മുടെ രൂപതയിലെ പള്ളി

കളും സ്ഥാപനങ്ങളും സന്യാസഭവനങ്ങളും നടത്തിയിട്ടുള്ള എല്ലാ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെയും സംക്ഷിപ്ത റിപ്പോർട്ട് ഏപ്രിൽ മാസം 30-ാം തീയതിയ്ക്കകം കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.

*Syncellus*

*C.38/2025* **രൂപതക്കച്ചേരി അവധി ദിവസങ്ങൾ**

ഏപ്രിൽ 17 പെസഹാവ്യാഴം മുതൽ ഏപ്രിൽ 26 ശനി വരെ രൂപതക്കച്ചേരിക്ക് അവധിയായിരിക്കും.

*Chancellor*

*C. 39/2025* **മിഷൻ സംഗമം**

കേരള സഭാനവീകരണത്തോടനുബന്ധിച്ചുള്ള മിഷൻ വർഷാചരണത്തിന്റെ ഭാഗമായും ജൂബിലിവർഷത്തിന്റെ ഭാഗമായും നമ്മുടെ രൂപത മിഷൻ സംഗമം നടത്തുകയാണ്. ആഗോളസഭയ്ക്ക് ധാരാളം മിഷനറിമാരെ സംഭാവന ചെയ്തിട്ടുള്ള രൂപതയാണ് കോതമംഗലം രൂപത. മിഷനറി വൈദികരും സിസ്റ്റേഴ്സുമായി നമ്മുടെ രൂപതയ്ക്കു പുറത്ത് ശുശ്രൂഷ ചെയ്യുന്ന രൂപതാംഗങ്ങളായ എല്ലാ വൈദികരുടെയും സമർപ്പിതരുടെയും സംഗമം 2025 മെയ് 21-ാം തീയതി ബുധനാഴ്ച മൂവാറ്റുപുഴ NESTT-ൽ നടത്താൻ ആഗ്രഹിക്കുന്നു. പ്രസ്തുത സമ്മേളനത്തെക്കുറിച്ച് രൂപതയ്ക്ക് പുറത്ത് ജോലി ചെയ്യുന്ന രൂപതാംഗങ്ങളായ എല്ലാ വൈദികരെയും സമർപ്പിതരെയും മുൻകൂട്ടി അറിയിക്കണമെന്ന് ബഹു. വികാരിമാരെ സ്നേഹപൂർവം ഓർമ്മിപ്പിക്കുന്നു. രൂപതയ്ക്ക് പുറത്ത് മറ്റ് സ്ഥലങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന വൈദികരുടെയും സിസ്റ്റേഴ്സിന്റെയും അഡ്രസ്സും Whatsapp നമ്പറും അതാത് ഇടവകയിലെ മിഷൻ ലീഗ് പ്രവർത്തകരുടെ നേതൃത്വത്തിൽ ശേഖരിക്കുവാനായി ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കണം.

*Syncellus*

*C. 40/2025* **2024-25 സാമ്പത്തിക വർഷത്തിലെ കണക്കുകൾ**

ഈ വർഷം വികാരിമാറ്റമുള്ള ഇടവകകൾക്കും, സ്ഥാപനങ്ങൾക്കും 2024-25 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ്

ചെയ്യുന്നതിന് 2025 ഏപ്രിൽ 30-ാം തീയതിയും മെയ് 2-ാം തീയതിയും മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് സൗകര്യം ഉണ്ടായിരിക്കും. വികാരിമാറ്റമുള്ള ഇടവകകളുടെ കണക്കുകൾ മേൽപ്പറഞ്ഞ ദിവസങ്ങളിൽതന്നെ ഓഡിറ്റ് ചെയ്യുവാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ. രൂപത നിഷ്കർഷിച്ചിരിക്കുന്ന അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ഇടവകകളിലെ കണക്കുകൾ തയ്യാറാക്കേണ്ടത്. പള്ളിയുടെ ആത്മസ്ഥിതി ഇൻസ്റ്റാൾ ചെയ്തിട്ടുള്ള അതേ കമ്പ്യൂട്ടറിൽതന്നെ മേല്പറഞ്ഞ അക്കൗണ്ടിംഗ് സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്ത്, പള്ളിവക കണക്കുകൾ ഇതേ കമ്പ്യൂട്ടറിൽതന്നെ തയ്യാറാക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു.

*Finance Officer*

*Pr. C. 2/2025* **Meeting of the Presbyteral Council**

An ordinary meeting of the Presbyteral Council will be held on Wednesday, May 7, 2025 from 10.00 am to 01.00 pm at the Bishop's House. The members are cordially invited.

Topics to be included in the agenda may be sent to the secretary before April 27.

*Secretary*

*PC. 3/2025* **പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട്, 15-03-2025**

കോതമംഗലം രൂപതയുടെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു അസാധാരണ സമ്മേളനം 15-03-2025-ൽ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 10.00 മണിക്ക് FCC സന്യാസിനി സമൂഹത്തിന്റെ വികാർ പ്രൊവിൻഷ്യൽ റവ. സി. റാണി FCC നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. സിഞ്ചെല്ലൂസ് മോൺ. വിൻസെന്റ് നെടുങ്ങാട്ട് ഏവർക്കും സ്വാഗതം ആശംസിച്ചു. സെക്രട്ടറി ഫാ. ജോസ് കുളത്തൂർ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് രൂപതയുടെ മുൻ അധ്യക്ഷൻ മാർ ജോർജ് പുന്നക്കോട്ടിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. രൂപതാധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് പ്രസ്തുത സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഇന്നത്തെ നമ്മുടെ സമൂഹത്തിന്റെ അവസ്ഥ പരിതാപകരമാണെന്നും ഈ അവസ്ഥയിൽനിന്നുള്ള

മോചനം അനിവാര്യമാണെന്നും അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. ആലുവ-മൂന്നാർ രാജപാത തുറന്നു കിട്ടുന്നതിനു വേണ്ടിയുള്ള സമരത്തിന് കോതമംഗലം രൂപതയുടെ ഐക്യദാർഢ്യം അഭിവന്ദ്യ പിതാവ് പരസ്യമായി പ്രഖ്യാപിച്ചു. മയക്കുമരുന്നിന്റെ ഉപയോഗം വർദ്ധിച്ചുവരുന്ന ഇക്കാലത്ത് എല്ലാവിധ തിന്മയുടെ ശക്തികളിൽനിന്നും രക്ഷ നേടുന്നതിനും വി. കുർബാനയ്ക്കെതിരെ സംഭവിച്ച എല്ലാ നിന്ദാപമാനങ്ങൾക്കും സാധ്യമായ പരിഹാരം ചെയ്യുന്നതിനും വേണ്ടി രൂപതയിലെ എല്ലാ ഇടവകകളെയും കോർത്തിണക്കിക്കൊണ്ട് ഒരു ദിവ്യകാരുണ്യ പ്രയാണം നടത്തുന്നതിനെക്കുറിച്ച് ആലോചനയുണ്ടെന്ന് അഭിവന്ദ്യ പിതാവ് സൂചിപ്പിച്ചു. പാസ്റ്ററൽ കൗൺസിൽ അംഗങ്ങളായ 4 പേർക്ക് ലഭിച്ച വ്യത്യസ്ത അംഗീകാരങ്ങൾക്കും പുതിയ ദൗത്യത്തിനും അവരെ അഭിനന്ദിക്കുകയും രൂപതയുടെ ഉപഹാരം നൽകുകയും ചെയ്തു. ലിസ്ബൺ യൂണിവേഴ്സിറ്റിയിലെ Institute of History of Arts വിഭാഗത്തിലെ സ്ഥിരാംഗമായും Lisbon Marine Academy യിലെ ഓണററി അംഗമായും നിയമിതനായ രൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. പയസ് മലേക്കണ്ടത്തിലിനെ യോഗം അഭിനന്ദിച്ചു. ആലുവ പൊന്തിഫിക്കൽ സെമിനാരി റെക്ടറായി നിയമിതനായ റവ. ഡോ. സ്റ്റാൻലി പുൽപ്രയിലിനെയും KLM സംസ്ഥാന ഡയറക്ടറായി നിയമതിനായ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്തിനെയും സീറോ മലബാർ പ്രോ-ലൈഫ് അപ്പോസ്റ്റലേറ്റിന്റെ സെക്രട്ടറിയായി നിയമിതനായ ശ്രീ. ജോയ്സ് മുക്കുടത്തെയും യോഗം അഭിനന്ദിച്ചു. തുടർന്ന് ജൂബിലി വർഷത്തിൽ നടത്താനുദ്ദേശിക്കുന്ന കർമ്മപദ്ധതികളെക്കുറിച്ച് ജൂബിലി implementation committee co-ordinator ബഹു. സെബാസ്റ്റ്യൻ നെടുംപുറത്തച്ചൻ വിശദമായി സംസാരിച്ചു. ജൂബിലിവർഷ പരിപാടികളുടെ സമാപനം കോതമംഗലം ബൈബിൾ കൺവൻഷനോടനുബന്ധിച്ച് നടത്തുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായമുയർന്നു. വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗങ്ങൾക്കെതിരെ നടത്താനുദ്ദേശിക്കുന്ന ബോധവത്കരണ പരിപാടികളെക്കുറിച്ചുള്ള ചിന്തയിൽ, ഈ ബോധവത്കരണ പരിപാടിക്ക് കൃത്യമായ ഒരു രൂപരേഖ തയ്യാറാക്കണമെന്നും അതനുസരിച്ചായിരിക്കണം നമ്മുടെ കർമ്മപദ്ധതികളെന്നും അഭിപ്രാ

യമുയർന്നു. അധ്യാപകരെയും മാതാപിതാക്കളെയും ജനപ്രതിനിധി കളെയും ത്രിതല പഞ്ചായത്ത് പ്രതിനിധികളെയും ഉൾപ്പെടുത്തിയുള്ള ബോധവത്കരണത്തെക്കുറിച്ച് ചിന്തിക്കാവുന്നതാണെന്നും അഭിപ്രാ യമുയർന്നു.

ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടാൻ മടിക്കുന്ന സർക്കാരിന്റെ ന്യൂനപക്ഷ വിരുദ്ധതയ്ക്കും മുനമ്പത്തെ പ്രശ്നത്തിനും വന്യജീവി- മനുഷ്യസംഘർഷത്തിനും പരിഹാരം കാണണമെന്ന് ആവ ശ്യപ്പെട്ടും രൂപത PRO ശ്രീ. ജോർജ് ജോസഫ് കേളകം പ്രമേയം അവതരിപ്പിച്ചു. ഫാ. ജോസ് കുളത്തൂരിന്റെ നന്ദി പ്രകാശനത്തോടെ യോഗം 2.30-ന് അവസാനിച്ചു.

*Secretary*

## *JS.4/2025* ജൂബിലി സ്മാരക സ്കോളർഷിപ്പ്

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2025 ഏപ്രിൽ 30-ാം തീയതിക്കകം അറിയിക്ക ണമെന്ന് അഭ്യർത്ഥിക്കുന്നു. 2025 മെയ് 10-ാം തീയതി ശനിയാഴ്ച രാവിലെ 10.00 മണി മുതൽ 12.00 മണി വരെ കോതമംഗലം സെന്റ് ജോർജ് HSS -ലും തൊടുപുഴ സെന്റ് സെബാസ്റ്റ്യൻസ് HS -ലും വച്ച് പ്രവേശന പരീക്ഷ നടത്തുന്നു.

**പ്രവേശക പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII and General Knowledge

സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടിക ളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാ സത്തിൽ 2025 ഏപ്രിൽ 30-ാം തീയതിക്കകം അറിയിക്കണമെന്ന് അ ഭ്യർത്ഥിക്കുന്നു. കുട്ടികൾ പരീക്ഷയ്ക്ക് വരുമ്പോൾ ബഹു. വികാരിയ ച്ചന്റെ സാക്ഷ്യപത്രവും ഇപ്പോൾ പന്ത്രണ്ടാം ക്ലാസ്സിൽ വേദപാഠം പഠി ക്കുന്നവർ പതിനൊന്നാം ക്ലാസ്സിലെ വേദപാഠത്തിന്റെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും പന്ത്രണ്ടാം ക്ലാസ്സ് കഴിഞ്ഞവർ പന്ത്രണ്ടാം ക്ലാസ്സിലെ മാർക്ക് ലിസ്റ്റിന്റെ കോപ്പിയും നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel. 0485 -2862236

*Chancellor*

# Jeevajyoti Mission Utkela, Odisha

*OM 7 /2025* **സാമ്പത്തിക സഹായം**

| | | |
|---|---|---|
| Fr. Joseph Mulanjanany | ₹ | 10000 |
| Catherine George Namattathil, Karakunnam | ₹ | 5000 |
| John Paul Namattathil, Karakunnam | ₹ | 15000 |
| St. Antony's Church, Nedungapra | ₹ | 5000 |
| Sts. Peter & Paul's Forane Church, Kuruppampady | ₹ | 50000 |
| St. Joseph's Church, Mudavoor | ₹ | 11113 |
| Christ the King Church, Chilavu | ₹ | 20000 |

*OM 8 /2025* **മിഷൻ ഹൗസ് വെഞ്ചരിപ്പ്**

ജീവാഭവന്റെ വെഞ്ചരിപ്പ് കർമ്മം മെയ് 14-ാം തീയതി അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടത്താൻ തീരുമാനിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. പ്രസ്തുത കർമ്മത്തിലേക്ക് എല്ലാ വൈദികരെയും, സന്ന്യസ്തരെയും, അല്മായരെയും ഏറെ സ്നേഹത്തോടെ സ്വാഗതം ചെയ്യുന്നു.

*OM 9 /2025* **മിഷൻ വാർത്തകൾ**

ഒരു വർഷത്തെ മിഷൻ പഠനത്തിനും അനുഭവത്തിനും ശേഷം വൈദിക വിദ്യാർഥികൾ തിരിച്ചു നാട്ടിലെത്തി. മാർച്ച് 19-ാം തീയതി ബിസാംകട്ടക്കിലുള്ള MST വൈദികരുടെ സാൻജോ ആശ്രമത്തിൽ വച്ച് സെന്റ് ജോസഫ് ഡേ ആഘോഷിക്കുകയും വൈദികരുടെ മാസധ്യാനം നടത്തുകയും ചെയ്തു.

# മൈനർ സെമിനാരി

**MS. 6/2025 വൈദികവിദ്യാർഥികളുടെ അവധിക്കാല ശുശ്രൂഷ**

മേജർ സെമിനാരികളിൽ പഠിക്കുന്ന നമ്മുടെ വൈദിക വിദ്യാർത്ഥികളുടെ സേവനം ഏപ്രിൽ, മെയ് മാസങ്ങളിൽ ലഭിക്കാനാഗ്രഹിക്കുന്ന ബഹു. വികാരിയച്ചൻമാർ ബന്ധപ്പെടുമല്ലോ.

ഫാ. സ്കറിയ കുന്നത്ത് (വൈസ് റെക്ടർ) 8606792996
ഫാ. മാത്യു രാമനാട്ട് (സി.എം.എൽ. ഡയറക്ടർ) 9446208212

**MS 7/2025 ദൈവവിളി ക്യാമ്പ്**

കോതമംഗലം രൂപത മൈനർ സെമിനാരിയിൽ ചേർന്ന് വൈദികരാകാൻ താത്പര്യമുള്ള കുട്ടികൾക്കായി ദൈവവിളി ക്യാമ്പ് ഏപ്രിൽ മാസം 07, 08, 09 തീയതികളിൽ നടത്തപ്പെടുന്നു. ഏപ്രിൽ 07 നു (തിങ്കൾ) വൈകിട്ട് 4.00 മണിക്ക് ആരംഭിച്ച് 09 നു (ബുധൻ) രാവിലെ അവസാനിക്കും. 09-ാം തീയതിയാണ് ഈ വർഷം സെമിനാരിയിൽചേർന്ന് പഠിക്കാനുള്ള കുട്ടികളുടെ സെലക്ഷൻ ഇന്റർവ്യൂ. പൗരോഹിത്യ ആഭിമുഖ്യമുള്ള SSLC, Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരിവിദ്യാഭ്യാസയോഗ്യതയുള്ളവരുമായ കുട്ടികളെ ആണ് ഈ ക്യാമ്പിൽ പ്രതീക്ഷിക്കുന്നത്. അനുയോജ്യരായ കുട്ടികളെ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ചു കത്തുനൽകി പറഞ്ഞയയ്ക്കുമല്ലോ. ദൈവവിളി പ്രോത്സാഹനത്തിന് നല്കുന്ന സഹകരണത്തിന് ബഹു. അച്ചന്മാർക്ക് സ്നേഹപൂർവം നന്ദി.

NB: കുട്ടികൾ പേന, ബുക്ക്, ബെഡ് ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരണം.

**MS 8/2025 സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | |
|---|---|---|
| 1. | Mr Mathew V.T. Vattakuzhiyil, Muthalakodam | ₹ 6,000 |
| 2. | Fr Paul Nedumpurath | ₹ 50,000 |
| 3. | A Benefactor | ₹ 10,000 |

| | | | |
|---|---|---|---|
| 4. | Mr George Mannamthuruthil, Vannappuram | ₹ | 1,000 |
| 5. | Mr Jose Nirappel, Thodupuzha East | ₹ | 10,000 |
| 6. | Fr Manuel Poonat | ₹ | 100,000 |
| 7. | Mr Eric Josef Gessner, Germany | ₹ | 84,296 |
| 8. | Mr Joy Chettiparambil, Nediasala | ₹ | 30,000 |
| 9. | A Benefactor | ₹ | 10,000 |
| 10. | Mr Francis Thomas Pichappillil, Paingottoor | ₹ | 3,000 |
| 11. | Fr Joseph Mulanjanany | ₹ | 8,000 |
| 12. | Mr Aju James Vadakkekunnel, Australia | ₹ | 16,668 |
| 13. | Mudakalil Granites, Randar | ₹ | 25,000 |
| 14. | Tabor Retreat Centre, Ezhumuttom | ₹ | 50,000 |
| 15. | Mr Tyson Thomas | ₹ | 5,000 |
| 16. | Std XII Catechism Students of St George Church, Vandamattom | ₹ | 5,000 |
| 17. | Mr Jarardh T.J. Thadathil, Inchoor | ₹ | 10,000 |
| 18. | Mr James Kalappurackal, Thazhuvamkunnu | ₹ | 10,000 |

ഇവർക്ക് നന്ദി പറയുന്നു. ഇവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

*Rector*

# വിജ്ഞാനഭവൻ

*V. 26/2025* **ക്യാറ്റക്കെറ്റിക്കൽ കമ്മിറ്റി : ഏപ്രിൽ 26 ശനി**

2024-2025 വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും 2025-2026 അദ്ധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും വേണ്ടി, രൂപതാ ക്യാറ്റക്കെറ്റിക്കൽ കമ്മിറ്റിയുടെ മീറ്റിംഗ് ബിഷപ്സ് ഹൗസിൽ വച്ച് 2025 ഏപ്രിൽ 26-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ 12.30 വരെ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. എല്ലാ അംഗങ്ങളും പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**കത്ത് അയച്ചിട്ടുണ്ട്. കിട്ടാത്തവർ ഇതൊരറിയിപ്പായി സ്വീകരിക്കുമല്ലോ.**

*V. 27/2025* **രണ്ടാം സെമസ്റ്റർ പരീക്ഷ: ഏപ്രിൽ 5 ശനി**

Std - I - IX - 09.00 am - 11.00 am

Std - X, XI, XII - 11.00 am - 1.00 pm

1. ചോദ്യപേപ്പറുകൾ ഏപ്രിൽ 4-ാം തീയതി മേഖലാകേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.
3. 10, 12 ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ മാർക്ക് website-ൽ enter ചെയ്ത് പരീക്ഷാപേപ്പറും മാർക്ക് ലിസ്റ്റും രൂപതാകേന്ദ്രത്തിൽ ഏപ്രിൽ 21-ാം തീയതിക്ക് മുമ്പായി എത്തിക്കുക. (മേഖലാകേന്ദ്രത്തിൽ ഏപ്രിൽ 21-ാം തീയതി മാത്രമേ എത്തിക്കാവൂ.)
4. സർട്ടിഫിക്കറ്റ് വിതരണം മെയ് 15 മുതൽ മെയ് 30 വരെ.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും.

*V. 28/2025* **SAY EXAM- X, XII**

| | | |
|---|---|---|
| **രജിസ്ട്രേഷൻ** | : | **2025 ഏപ്രിൽ 21 മുതൽ 22 വരെ.** |
| **പരീക്ഷ** | : | **ഏപ്രിൽ 27 ഞായർ** |
| സമയം | : | 11.00 am - 01.00 pm |

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ ഏപ്രിൽ 26-ാം തീയതി ശനിയാഴ്ച മേഖലാകേന്ദ്രങ്ങളിൽനിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തി website-ൽ മാർക്ക് enter ചെയ്ത് പരീക്ഷാ പേപ്പറുകൾ ഏപ്രിൽ 30-ന് മുമ്പ് വിജ്ഞാനഭവനിൽ എത്തിക്കേണ്ടതാണ്.

*V. 29/2025* **സ്കോളർഷിപ്പ് പരീക്ഷ**

| | | |
|---|---|---|
| തീയതി | : | ഏപ്രിൽ 7 തിങ്കൾ |
| സമയം | : | 10.30 am - 12.30 pm |

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | SAGHS (Kothamangalam, Oonnukal, Kuruppampady, Velielchal Foranes) |
| Muvattupuzha | - | Nirmala High School (State) (Muvattupuzha, Arakuzha Foranes) |
| Vazhakulam | - | St. George ITE Vazhakulam (Vazhakulam) |
| Thodupuzha | - | St. Sebastian's UPS (Thodupuzha, Mailacombu, Marika Foranes) |
| Muthalakodam | - | SHGHS (Muthalakodam) |
| Karimannoor | - | Holy Family LPS (Karimannoor) |
| Paingottoor | - | St. Joseph's HSS (Paingottoor, Kaliyar Foranes) |

*V. 30/2025* **12-ാം ക്ലാസ്സിലെ കുട്ടികൾക്ക് യാത്രയയപ്പ്**

വിശ്വാസോത്സവത്തിന്റെ അവസാനദിവസത്തെ വി. കുർബാന 12-ാം ക്ലാസ്സിലെ കുട്ടികൾക്കായി പ്രത്യേകം അർപ്പിക്കുകയും അവർക്ക് യാത്രയയപ്പു നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. സാധിക്കുമെങ്കിൽ മാതാപിതാക്കളെയും സംബന്ധിപ്പിക്കേണ്ടതാണ്.

*V. 31/2025* **ഏപ്രിൽ 30-ന് മുമ്പ് തരേണ്ട റിപ്പോർട്ടുകൾ**

പി.റ്റി.എ., വിശ്വാസോത്സവം, വാർഷിക റിപ്പോർട്ട്, ഇടവകതല റിസോഴ്സ് ടീം റിപ്പോർട്ട് എന്നിവ ഏപ്രിൽ 30-ന് മുമ്പ് എത്തിക്കേണ്ടതാണ്. പിന്നീട് സ്വീകരിക്കുന്നതല്ല.

*V. 32/2025* **വചന ഡയറി**

വചനം വായിക്കുകയും ഹൃദിസ്ഥമാക്കുകയും ചെയ്യുന്നത് നമ്മുടെ ജീവിതശൈലിയായി മാറണം. ജീവിത വഴികളിലെ പ്രതിസന്ധികളിൽ വചനം നൽകുന്ന ശക്തി കുഞ്ഞുമക്കൾ തിരിച്ചറിയണം. ഈ ഒരു ലക്ഷ്യമാണ് വചന ഡയറിയിലൂടെ നമ്മൾ കൈവരിക്കാൻ ആഗ്രഹിക്കുന്നത്. 2024 ജൂൺ 2 മുതൽ 2025 മാർച്ച് 29 വരെയാണ് ഓരോ ദിവസവും ഓരോ വചനം ഹൃദിസ്ഥമാക്കുകയും എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടത്.

മൂന്നു വിഭാഗങ്ങളായി (ക്ലാസ്സ് 1-4, ക്ലാസ്സ് 5-8, ക്ലാസ്സ് 9-12 ) തിരിച്ചാണ് മത്സരം നടത്തുന്നത്. ഓരോ വിഭാഗത്തിലും ഒന്നാം സ്ഥാ

നം നേടുന്നവർക്ക് രൂപതാതല മത്സരത്തിൽ പങ്കെടുക്കാം. (ഒരു ഇട വകയിൽ നിന്നും മൂന്ന് കുട്ടികൾ)

ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രവും കുട്ടികൾ തയ്യാറാക്കിയ വചന ഡയറിയുമായി രൂപതാതല മത്സരത്തിന് വരേണ്ടതാണ്.

**രൂപതാതല മത്സരത്തിൽ പങ്കെടുക്കുന്നവരുടെ പേരുകൾ ഏപ്രിൽ 3-നു മുമ്പ് website-ൽ enter ചെയ്യേണ്ടതാണ്. മത്സരങ്ങൾ ഏപ്രിൽ 8-ന് രാവിലെ 9.30 ന് ആരംഭിക്കുന്നതാണ്. സ്ഥലം: നിർമ്മല പബ്ലിക് സ്കൂൾ, മൂവാറ്റുപുഴ.**

*V. 33/2025* **ബലിയെൻ ബലം**

വിശുദ്ധ കുർബാനയിൽ എല്ലാ ദിവസവും പങ്കെടുക്കുന്ന കുട്ടികളെ രൂപതാതലത്തിൽ ആദരിക്കുന്നു. അഭിവന്ദ്യ പിതാവിനോടൊപ്പം ആയിരിക്കാനും പിതാവിൽ നിന്ന് സമ്മാനം സ്വീകരിക്കാനും അവസരം ലഭിക്കുന്നു. 2024 ജൂൺ 2 മുതൽ 2025 ഏപ്രിൽ 6 വരെയുള്ള ദിവസങ്ങളിൽ മുടങ്ങാതെ വി. കുർബാനയിൽ പങ്കെടുത്ത കുട്ടികളുടെ അറ്റൻഡൻസ് രേഖപ്പെടുത്തിയ ബുക്കും, പേരുകൾ വെബ്സൈറ്റിൽ എന്റർ ചെയ്തതും പ്രിന്റ് എടുത്ത് വികാരിയച്ചന്റെ Sign ഓടു കൂടി ഏപ്രിൽ 10-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**രൂപതാതലം : മെയ് 10**
**സ്ഥലം : വിശ്വജ്യോതി എഞ്ചിനീയറിംഗ് കോളേജ്, വാഴക്കുളം**
**സമയം : 10 am**

*V.34/2025* **ദിവ്യകാരുണ്യസ്വീകരണ ഒരുക്ക സഹായി**

ദിവ്യകാരുണ്യസ്വീകരണത്തിന് ഒരുക്കത്തിനായുള്ള പുസ്തകം (രൂപതയുടെ പുസ്തകം) വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽനിന്ന് ലഭിക്കുന്നതാണ്. ക്ലാസ്സ് തുടങ്ങുമ്പോൾ ഈ പുസ്തകം പ്രയോജനപ്പെടുത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. **കൂദാശക്രമം (പുതിയത്)**, ചെറിയവേദോപദേശം, പോക്കറ്റ് ബൈബിൾ, കുർബാന പുസ്തകം, കൊന്ത, വെന്തിങ്ങ മുതലായവയും ലഭ്യമാണ്.

*Director*

# കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn. 11/2025* **School Maintenance Fund**

| Date | School Name | Credit | Debit |
|---|---|---|---|
| 25/02/2025 | ST UPS Paynkulam | 16098 | |
| 28/02/2025 | SG UPS Muthalakodam | 32348 | |
| 01/03/2025 | Parapuzha | | 50000 |
| 01/03/2025 | SM UPS Nediasala | 6722 | |
| 01/03/2025 | SG HSS Kothamangalam | 93920 | |
| 01/03/2025 | SA HSS Kalloorkad | 84880 | |
| 01/03/2025 | ST LPS Nadukani | 15616 | |
| 01/03/2025 | FM UPS Malippara | 12294 | |
| 04/03/2025 | SS HS Vazhithala | 20560 | |
| 05/03/2025 | LF LPS Muvattupuzha | 20720 | |
| 06/03/2025 | SM HS Kaliyar | 50312 | |
| 07/03/2025 | LF UPS Vazhakala | 7050 | |
| 07/03/2025 | SG HS Muthalakodam | 55562 | |
| 07/03/2025 | SJ LPS Pannimattam | 14646 | |
| 08/03/2025 | SJ HS Karimannoor | 51692 | |
| 08/03/2025 | SA LPS Inchoor | 18126 | |
| 08/03/2025 | SM UPS Kodikulam | 7320 | |
| 11/03/2025 | SG HS Kalayanthani | 71054 | |
| 12/03/2025 | SG HS Kothamanglam | 52648 | |
| 14/03/2025 | Kaliyar | | 500000 |
| 15/03/2025 | SM HS Kodikulam | 37278 | |
| 15/03/2025 | FM UPS Malippara | 12330 | |
| 15/03/2025 | SS HSS Vazhithala | 37404 | |
| 15/03/2025 | SH HS Ayavana | 37350 | |
| 15/03/2025 | SH LPS Ayavana | 6876 | |
| 15/03/2025 | SJ UPS Nellimattam | 19488 | |
| 15/03/2025 | IJ LPS Alacode | 20994 | |

| | | | |
|---|---|---|---|
| 15/03/2025 | MM UPS Meenmutty | 18500 | |
| 15/03/2025 | SS HS Purapuzha | 19934 | |
| 15/03/2025 | SM LPS Marika | 4164 | |
| 15/03/2025 | LF HS Oonnukal | 63708 | |
| 15/03/2025 | SA HS Kuninji | 65451 | |
| 17/03/2025 | VJ UPS Chalassery | 6440 | |
| 18/03/2025 | SS HS Nayyassery | 10028 | |
| 20/03/2025 | SJ LPS Njarakad | 7152 | |
| 21/03/2025 | Neyyassery | | 100000 |
| 22/03/2025 | SG UPS Muthalakodam | 16174 | |
| 22/03/2025 | SG HSS Kallanickal | 6108 | |
| 22/03/2025 | SG HS Kallanickal | 13984 | |
| 22/03/2025 | F LPS Karakunnam | 17564 | |
| 22/03/2025 | SR HS Paynkulam | 37398 | |
| 22/03/2025 | SG UPS Pooyamkutty | 12016 | |
| 22/03/2025 | J LPS Vettampara | 8508 | |
| 22/03/2025 | SA LPS Anicadu | 22020 | |
| 22/03/2025 | LF LPS Muvattupuzha | 10436 | |
| 22/03/2025 | SG UPS Thottakara | 22578 | |
| 22/03/2025 | SS HS Vazhithala | 12666 | |
| 22/03/2025 | SJ LPS Paingottoor | 19110 | |
| 22/03/2025 | SM LPS Neendapara | 7212 | |
| 22/03/2025 | SG UPS Nedungapra | 12776 | |
| 22/03/2025 | LF UPS Nediakad | 7730 | |
| 22/03/2025 | SH GHS Muthalakodam | 65946 | |
| 22/03/2025 | SM UPS Nediasala | 6742 | |
| 22/03/2025 | SM LPS Inchathotty | 8208 | |
| 24/03/2025 | SG TTI Vazhakulam | 13116 | |
| 24/03/2025 | SM HSS Arakuzha | 53800 | |
| 24/03/2025 | SG HSS Kothamangalam | 44870 | |
| 24/03/2025 | SG HSS Kalayanthani | 28472 | |
| 24/03/2025 | SS HS Memadangu | 13821 | |
| 24/03/2025 | SJ LPS Elamdesam | 15634 | |
| 25/03/2025 | SG HS Udumbannoor | 44480 | |
| 25/03/2025 | SJ LPS Parapuzha | 17250 | |

| | | | |
|---|---|---|---|
| 25/03/2025 | MB UPS Thalayanad | 5802 | |
| 25/03/2025 | SA HSS Kalloorkad | 42440 | |
| 25/03/2025 | SJ UPS Cheppukulam | 12240 | |
| 25/03/2025 | ST UPS Nadukani | 23232 | |
| 25/03/2025 | LF LPS Oonnukal | 24672 | |
| 25/03/2025 | SJ UPS Kaloor | 20284 | |
| 25/03/2025 | HF LPS Karimannoor | 6754 | |
| 25/03/2025 | SS LPS Ezhanikoottam | 1544 | |
| 25/03/2025 | LF LPS Chittor | 25650 | |
| 26/03/2025 | Chilavu | | 90000 |
| 26/03/2025 | Chittoor | | 150000 |
| 26/03/2025 | Parapuzha | | 200000 |

*Secretary*

# നിർമ്മല സിവിൽ സർവീസ് അക്കാദമി

*NiCSA.13 /2025* **ഒരു വർഷം നീണ്ടുനിൽക്കുന്ന സിവിൽ സർവീസ് റെഗുലർ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു**

കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ നടക്കുന്ന നിർമ്മല സിവിൽ സർവീസ് അക്കാദമിയിലേക്ക് 2026 സിവിൽ സർവീസ് പരീക്ഷക്ക് ഒരുക്കമായുള്ള കോച്ചിംഗ് ക്ലാസ്സിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു.

*NiCSA.14 /2025* **TALENT HUNT 2025 വിജയികൾ**

മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന എം.സി.പി ഫുൾ ടൈം കോച്ചിംഗ് ക്ലാസ്സിലേക്കുള്ള അഡ്മിഷനായുള്ള സ്കോളർഷിപ്പ് പരീക്ഷ TALENT HUNT നടന്നു. മൂവാറ്റുപുഴ നിർമല കോളേജിൽ നടത്തിയ എക്സാമിൽ അനു പി. ചന്ദ്രൻ (M.Com) ഒന്നാം റാങ്കും, നമിത നായർ (BSc Chemistry) രണ്ടാം റാങ്കും നേടി 100% സ്കോളർഷിപ്പിന് അർഹരായി.

തൊടുപുഴ ന്യൂമാൻ കോളേജിൽ നിന്നും അൻസൂദ് ബിജു (BSc

Maths) ഒന്നാം റാങ്കും, ജോൺ പോൾ ജോജി (B.Com Computer Application) രണ്ടാം റാങ്കും നേടി 100% സ്കോളർഷിപ്പിന് അർഹരായി.

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ നടത്തിയ എക്സാമിൽ അഭിനന്ദ എസ് (BSc Chemistry) ഒന്നാം റാങ്കും, അനുമോൾ ജോർജ് (BA History) രണ്ടാം റാങ്കും നേടി 100% സ്കോളർഷിപ്പിന് അർഹരായി. വാഴക്കുളം വിശ്വജ്യോതി എൻജിനീയറിംഗ് കോളേജിൽ നിന്നും അവസാന വർഷ വിദ്യാർത്ഥികളായ ദീപു മൈക്കിൾ, ശരത് ഷോണി എന്നിവരും വിജയികളായി.

*NiCSA.15 /2025* **NET കോച്ചിംഗ് ക്ലാസ്സുകൾ ആരംഭിച്ചിരിക്കുന്നു**

മൂവാറ്റുപുഴ നിർമ്മല കോളേജ്, നിർമ്മല സിവിൽ സർവീസ് അക്കാദമിയുമായി സഹകരിച്ച് നെറ്റ് കോച്ചിംഗ് ക്ലാസ്സുകൾ മാർച്ച് 8 മുതൽ ആരംഭിച്ചു. ആദ്യ ക്ലാസ്സ് Logical reasoning, Mathematical reasoning and Data analysis ഡോ. മധുസൂദനൻ കർത്ത (അസി. പ്രൊഫസർ. ശ്രീ. സി അച്യുത മേനോൻ ഗവൺമെന്റ് കോളേജ്, തൃശൂർ) നയിച്ചു. അഡ്മിഷനും കൂടുതൽ വിവരങ്ങൾക്കും ആയി
Contact No: 9496065457, 91423 96705.

*Administrator*

## സോഷ്യൽ സർവീസ്

*SS. 19/2025* **നോമ്പുകാല സംഭാവന**

ഈ വർഷത്തെ നോമ്പുകാല സംഭാവന ഏപ്രിൽ 30-നകം KSSS ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*SS. 20/2025* **ആശാകിരണം കളക്ഷൻ**

ആശാകിരണം കാൻസർ സുരക്ഷ പദ്ധതിയുടെ ഭാഗമായുള്ള കോയിൻ ബോക്സ് കളക്ഷൻ എടുക്കാത്ത ഇടവകകൾ അവ എടുത്ത് KSSS ഓഫീസിൽ എത്തിച്ച് സഹകരിക്കുമല്ലോ.

*SS. 21/2025* **ആദരിച്ചു**

കേരള സോഷ്യൽ സർവീസ് ഫോറം വനിതാ ദിനത്തോടനുബന്ധിച്ച് കോട്ടയത്ത് ആമോസ് സെന്ററിൽ നടത്തിയ പ്രോഗ്രാമിൽ വച്ച് KSSS ഡയറക്ടർ ബോർഡ് അംഗവും ജില്ലാ പഞ്ചായത്ത് മെമ്പറുമായ ശ്രീമതി റാണിക്കുട്ടി ജോർജ്ജിനെ മെമെന്റോ നൽകി ആദരിക്കുകയുണ്ടായി.

*SS. 22/2025* **സജീവം കൗൺസലിംഗ് പ്രോഗ്രാം**

സജീവം ലഹരി വിരുദ്ധ ക്യാമ്പിന്റെ ഭാഗമായി കൗൺസലിംഗ് സംബന്ധിച്ച് ഏകദിന പരിശീലനം മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. വികാരി ജനറാൾ മോൺ. പയസ് മലേക്കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു.

*SS. 23/2025* **ഒപ്പുവച്ചു**

കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (KSBCDC) വഴി സംഘങ്ങൾക്ക് വായ്പ മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ലഭ്യമാക്കുന്നതിനുവേണ്ടി KSSS ഉം KSBCDC യും എഗ്രിമെന്റ് ഒപ്പു വച്ചു. 23 സംഘങ്ങളിലെ 252 അംഗങ്ങൾക്ക് ഒരു കോടി 90 ലക്ഷം രൂപയാണ് വായ്പ നൽകുന്നത്. വികാരി ജനറാളും KSSS പ്രസിഡന്റുമായ റവ. ഡോ. പയസ് മലേക്കണ്ടത്തിൽ, KSSS ഡയറക്ടർ ഫാ. ജോർജ് പൊട്ടയ്ക്കൽ എന്നിവരാണ് KSSS നു വേണ്ടി ഒപ്പുവച്ചത്. വായ്പ മാർച്ചിൽ വിതരണം ചെയ്യും.

*SS. 24/2025* **നാഷണൽ ട്രെയിനിംഗ്**

കാരിത്താസ് ഇന്ത്യയുടെ നേതൃത്വത്തിൽ ഡൽഹിയിൽ വച്ച് നടത്തിയ ദേശീയ വോളന്റിയർ ട്രെയിനിംഗിൽ KSSS നെ പ്രതിനിധീകരിച്ച് കോ-ഓർഡിനേറ്റർ പങ്കെടുത്തു.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

## *CML 13/2025* ജൂബിലി തീർത്ഥാടനം

ജൂബിലി വർഷത്തിൽ നോമ്പിന്റെ ചൈതന്യത്തിൽ ആരക്കുഴ മലേക്കുരിശ് തീർത്ഥാടനം 2025 മാർച്ച് 7 വെള്ളിയാഴ്ച നടന്നു. രൂപതാതലത്തിൽ നടന്ന ആരക്കുഴ മലേക്കുരിശിലേക്കുള്ള ജൂബിലി കാൽനട തീർത്ഥാടനത്തിൽ കുഞ്ഞുമിഷനറിമാരും പങ്കാളികളായി. കുട്ടികളെയും കൂട്ടി തീർത്ഥാടനത്തിന് എത്തിയ എല്ലാ വികാരിയച്ചന്മാർക്കും, ആനിമേറ്റേഴ്സിനും നന്ദി അറിയിക്കുന്നു.

## *CML 14/2025* സ്നേഹകൂടാരം

തൊടുപുഴ, കോടിക്കുളം എന്നീ ശാഖകളിൽ സ്നേഹകൂടാരം മാർച്ച് 30, 31 തീയതികളിൽ നടന്നു.

## *CML 15/2025* രൂപതാതല ക്രിസ്റ്റീൻ ധ്യാനം

ഈ വർഷത്തെ ക്രിസ്റ്റീൻ ധ്യാനം ഏപ്രിൽ 22 മുതൽ 25 വരെയുള്ള തീയതികളിൽ 10, 11, 12 ക്ലാസ്സുകളിലെ കുട്ടികൾക്കായും, മെയ് 5 മുതൽ 8 വരെ 7, 8, 9 ക്ലാസ്സുകളിലെ കുട്ടികൾക്കായും സംഘടിപ്പിക്കുന്നു. ധ്യാനത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള കുട്ടികൾ പേര് വിവരങ്ങൾ ഇടവകയിലെ ആനിമേറ്റേഴ്സിന് കൈമാറുമല്ലോ. 1000 രൂപ രജിസ്ട്രേഷൻ ഫീ ഉണ്ടായിരിക്കുന്നതാണ്. ഏപ്രിൽ 22 നും മെയ് 5 നും വൈകിട്ട് 4.00-ന് രജിസ്ട്രേഷനോടുകൂടെയായിരിക്കും ധ്യാനം ആരംഭിക്കുക.

## *CML 16/2025* രൂപതാതല കയ്യെഴുത്ത് മാസിക മത്സരം

രൂപതാതല കയ്യെഴുത്ത് മാസിക മത്സരം ഏപ്രിൽ 28 തിങ്കളാഴ്ച മുവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിൽ വച്ച് നടക്കുന്നു. മത്സരം 9.30-ന് ആരംഭിക്കും. 12 കുട്ടികളടങ്ങുന്ന ടീമാണ് ഇടവകയിൽ നിന്നും മത്സരിക്കുക. ഒരു ടീമിന് 500 രൂപ രജിസ്ട്രേഷൻ ഫീ ഉണ്ടായിരിക്കുന്നതാണ്. വരുന്ന കുട്ടികൾക്ക് ഉച്ച ഭക്ഷണം ക്രമീകരിക്കുന്നതിനാണ്.

വിശദവിവരങ്ങൾ മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്. മത്സരിക്കുന്ന ശാഖകൾ രൂപതയുടെ വാട്സ്ആപ്പ് നമ്പറിൽ (+918848194020) പേര് നൽകുവാൻ ശ്രദ്ധിക്കുമല്ലോ.

### *CML 17/2025* ചെറുസൂനം ക്വിസ്

രൂപതാതല ചെറുസൂനം ക്വിസ് ഏപ്രിൽ 28 തിങ്കളാഴ്ച മൂവാറ്റുപുഴ നിർമല പബ്ലിക് സ്കൂളിൽ വച്ച് നടക്കുന്നു. ചെറുസൂനം ക്വിസ് 11.30 –ന് ആയിരിക്കും നടക്കുക. ഇടവകയിൽ നിന്നും വിജയിച്ച ഒരു കുട്ടിക്കായിരിക്കും മത്സരിക്കാൻ യോഗ്യത.

മത്സര വിഷയം :

1. 2024 ജൂലൈ മുതൽ 2025 മാർച്ച് വരെയുള്ള ചെറുസൂനം 80%
2. ആനുകാലിക സഭ, പൊതു വിജ്ഞാനം 20%

### *CML 18/2025* ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ്

ഈ വർഷത്തെ അവസാനത്തെ ജോയിന്റ് ഡയറക്ടേഴ്സ് മീറ്റ് ഏപ്രിൽ 28-ന് രാവിലെ 11:30-ന് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് ആയിരിക്കും നടക്കുക. എല്ലാ ജോയിന്റ് ഡയറക്ടർമാരും ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

*Director*

---

## ഫാമിലി അപ്പോസ്റ്റലേറ്റ്

### *FA 8/2025* രൂപത കമ്മിറ്റി മീറ്റിംഗ്

ഫാമിലി അപ്പോസ്റ്റലേറ്റ് കോതമംഗലം രൂപത കമ്മിറ്റി മാർച്ച് 4-ന് മൂവാറ്റുപുഴ നെസ്റ്റിൽ യോഗം ചേർന്നു. രൂപത പ്രസിഡന്റ് ഡിഗോൾ കെ ജോർജ് അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. രൂപത വൈസ് പ്രസിഡന്റ് റീന രാജീവ്, ട്രഷറർ ലോറൻസ് അബ്രാഹം, മേരി തോമസ് തെക്കേക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

സീറോ മലബാർ സഭയുടെ പ്രോലൈഫ് അപ്പോസ്റ്റലേറ്റ് സെക്രട്ടറിയായി നിയമിതനായ ശ്രീ. ജോയ്സ് മുക്കുടത്തിനെ അഭിനന്ദിച്ച് മൈലക്കൊമ്പ് ഫൊറോന പ്രസിഡന്റ് ജോഷി ജോർജ്ജ് സംസാരിച്ചു. ഏപ്രിൽ 5-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് രൂപത കൺവെൻഷൻ നടത്തുവാൻ തീരുമാനിച്ചു. കൺവെൻഷന്റെ വിജയത്തിനായി എല്ലാ ഫൊറോനകളിലും അഖണ്ഡ ജപമാല നടത്തുവാൻ തീരുമാനിച്ചു.

*FA 9/2025* **ഫൊറോന കൗൺസിൽ**

മാർച്ച് 1-ന് ഫാമിലി അപ്പോസ്റ്റലേറ്റ് മുതലക്കോടം ഫൊറോന കൗൺസിൽ മുതലക്കോടം സെന്റ് ജോർജ്ജ് ഫൊറോന പള്ളി ഹാളിൽ ഫൊറോന പ്രസിഡന്റ് ജെയിംസ് തോപ്പിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. രൂപത ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ ഉദ്ഘാടനം ചെയ്തു. ഫൊറോന ഡയറക്ടർ റവ. ഡോ ജോർജ്ജ് താനത്തുപറമ്പിൽ അനുഗ്രഹ പ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ഡിഗോൾ കെ ജോർജ്, ഫൊറോന ഭാരവാഹികളായ ജോയി പള്ളത്ത്, ബീന ജോയി, അലോൺ മാത്യൂ എന്നിവർ പ്രസംഗിച്ചു. ഇടവകകളിൽ ഫാമിലി അപ്പോസ്റ്റലേറ്റിന്റെ പ്രവർത്തനങ്ങൾ ഊർജിതമാക്കുവാൻ തീരുമാനിച്ചു.

ഫാമിലി അപ്പോസ്റ്റലേറ്റ് തൊടുപുഴ ഫൊറോന കൗൺസിൽ തൊടുപുഴ ടൗൺ പള്ളി മിനി പാരീഷ് ഹാളിൽ ഫൊറോന പ്രസിഡന്റ് അറുകാലിൽ ജോസിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. രൂപത ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ ഉദ്ഘാടനം നിർവഹിച്ചു. ഫൊറോന ഡയറക്ടർ റവ. ഡോ. സ്റ്റാൻലി കുന്നേൽ അനുഗ്രഹ പ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ഡിഗോൾ കെ ജോർജ്ജ്, സി. റോസ് മേരി CMC, തോമസ് കുഴിഞ്ഞാലിൽ എന്നിവർ പ്രസംഗിച്ചു. ഫൊറോന തല പ്രവർത്തനങ്ങൾ വിലയിരുത്തി.

ഫാമിലി അപ്പോസ്റ്റലേറ്റ് ആരക്കുഴ ഫൊറോന കൗൺസിൽ ആരക്കുഴ സെന്റ് മേരീസ് ഫൊറോന പള്ളി ഹാളിൽ ചേർന്നു. ഫൊറോന പ്രസിഡന്റ് ജോർജ്ജ്കുട്ടി അറയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു. ഫൊറോന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ ഉദ്ഘാട

നം നിർവ്വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ മുഖ്യ പ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ഡിഗോൾ കെ ജോർജ്ജ്, സി. സോണിയ CMC എന്നിവർ പ്രസംഗിച്ചു.

ഫാമിലി അപ്പോസ്റ്റലേറ്റ് കോതമംഗലം ഫൊറോന കൗൺസിൽ യോഗം കത്തീഡ്രൽ പള്ളി ഹാളിൽ ഫൊറോന പ്രസിഡന്റ് കോരച്ചൻ കാക്കനാട്ടിന്റെ അദ്ധ്യക്ഷതയിൽ ചേർന്നു. ഫൊറോന ഡയറക്ടർ റവ. ഡോ തോമസ് ചെറുപറമ്പിൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ മുഖ്യ പ്രഭാഷണം നടത്തി. രൂപത പ്രസിഡന്റ് ഡിഗോൾ കെ ജോർജ്ജ്, ഡേവിസ് നെല്ലിക്കാട്ടിൽ എന്നിവർ പ്രസംഗിച്ചു. രൂപതയിൽ ഏറ്റവും ഭംഗിയായി പ്രവർത്തിക്കുന്ന കത്തീഡ്രൽ യൂണിറ്റിനെ കൗൺസിൽ അഭിനന്ദിച്ചു.

*FA 10/2025* **പ്രീ മാര്യേജ് കോഴ്സ്, നെസ്റ്റ്**

ഏപ്രിൽ 7 – 9

മെയ് 1 – 3, 15 – 17

*FA 11/2025* **രൂപത കൺവെൻഷൻ**

ഫാമിലി അപ്പോസ്റ്റലേറ്റ് രൂപത കൺവെൻഷൻ ഏപ്രിൽ 5 ശനിയാഴ്ച രാവിലെ 9.30 മുതൽ മൂവാറ്റുപുഴ നെസ്റ്റിൽ നടക്കും. എല്ലാ ഇടവക, ഫൊറോന ഭാരവാഹികളും പങ്കെടുക്കണം.

*Director*

## പ്രോലൈഫ്

*PL 4/2025* **പ്രോ ലൈഫ് മാജിക് ഷോ**

ഫെബ്രുവരി 6. കോതമംഗലം ചെറുപള്ളിത്താഴം.

ലഹരി വിരുദ്ധ സന്ദേശ ടൂവീലർ യാത്ര മാർച്ച് 14 മുതൽ. 26-ന് പാലായിൽ സമാപിച്ചു.

മാർച്ച് 11. രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് മൂവാറ്റുപുഴ നെസ്റ്റിൽ.

*Director*

# പിതൃവേദി

*PV 7/2025* **സൺഡേ മാർക്കറ്റ്**

പിതൃവേദിയുടെ നേതൃത്വത്തിൽ നാകപ്പുഴ ഇടവകയിൽ സൺഡേ മാർക്കറ്റ് തുടങ്ങി. ബഹുമാനപ്പെട്ട വികാരി ഫാ. പോൾ നെടുമ്പുറത്ത് ഉദ്ഘാടനം നടത്തുകയും ബഹു. അസി. വികാരി ആദ്യ വില്പന നടത്തുകയും ചെയ്തു. ഞാറക്കാട്, ചിറ്റൂർ, എന്നീ ഇടവകകളിലും സൺഡേ മാർക്കറ്റ് തുടങ്ങി നല്ലരീതിയിൽ മുമ്പോട്ടു പോകുന്നു. ഇടവകയിലെ കർഷകരുടെ കൃഷിയിടങ്ങളിലെ വിഷമില്ലാത്ത ജൈവ പച്ചക്കറികൾ കിഴങ്ങുവർഗ്ഗങ്ങൾ വാഴക്കുലകൾ, മുതലായി എല്ലാ ഉല്പന്നങ്ങളും ഇടനിലക്കാരില്ലാതെ വിൽക്കുന്നതിനും വാങ്ങുന്നതിനും സാധിക്കുന്നു. മാത്രമല്ല വില്ക്കുന്നവർക്ക് കൂടുതൽ വില ലഭിക്കുന്നതിനും വാങ്ങുന്നവർക്ക് മാർക്കറ്റ് വിലയിലും താഴ്ന്ന വിലയിൽ ലഭിക്കുന്നതിനും സാധിക്കുന്നു. എല്ലാ ഇടവകകളിലും ഇത് അനുകരിക്കാവുന്നതാണ്.

*Director*

# മാതൃവേദി

*MV 8/2025* **രൂപത വാർഷികം**

മാതൃവേദി 2024-25 പ്രവർത്തന വർഷ വാർഷികം 25/02/2025 ന് നെസ്റ്റിൽ നടന്നു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം നിർവഹിച്ചു. മാതൃവേദി രൂപത ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ വിവിധ ഫൊറോനകളിൽ നിന്നുള്ള അമ്മമാർ കലാപരിപാടികൾ അവതരിപ്പിച്ചു. കഴിഞ്ഞ പ്രവർത്തന വർഷത്തെ മികച്ച പ്രവർത്തനങ്ങൾക്കുള്ള ഫൊറോന, യൂണിറ്റ് തല സമ്മാനങ്ങൾ, വിവിധ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചവർക്കുള്ള സമ്മാനങ്ങൾ എന്നിവയും പ്രസ്തുത സമ്മേളനത്തിൽ അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു.

*MV 9/2025* **ഉണർവ്**

2024 – 25 പ്രവർത്തന വർഷത്തെ ഉണർവ് പ്രോഗ്രാം March 12 ന് സമാപിച്ചു.

*Director*

# മദ്യവിരുദ്ധ സമിതി

*MVS 3/2025* **ശക്തമായ നിയമം കൊണ്ട് ലഹരിയെ നിയന്ത്രിക്കണം**

ശക്തമായ നിയമം കൊണ്ട് ലഹരിയെ നിയന്ത്രിക്കാൻ സർക്കാർ തയ്യാറാകണമെന്ന് കെ.സി.ബി.സി. മദ്യവിരുദ്ധസമിതിയും മദ്യവിരുദ്ധ ഏകോപന സമിതിയും ഗ്രീൻവിഷൻ കേരളയും സംയുക്തമായി കോതമംഗലത്ത് സംഘടിപ്പിച്ച ലഹരിവിരുദ്ധജ്വാല സമരം ആവശ്യപ്പെട്ടു. ഇല്ലെങ്കിൽ കേരളം ലഹരി അടിമകൾ വാഴുന്ന ഭ്രാന്താലയമായി മാറുമെന്നും സമ്മേളനം ഓർമിപ്പിച്ചു.

സംസ്ഥാന മദ്യവിരുദ്ധ ഏകോപനസമിതി സെക്രട്ടറിയും കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന മധ്യമേഖലാ പ്രസിഡന്റുമായ ജെയിംസ് കോറമ്പേൽ ലഹരിവിരുദ്ധജ്വാല ഉദ്ഘാടനം ചെയ്തു.

ഗ്രീൻവിഷൻ കേരള സംസ്ഥാന സെക്രട്ടറി ജോൺസൺ കറുകപ്പിള്ളിൽ മുഖ്യപ്രഭാഷണം നടത്തി. മജീഷ്യൻ ജോയ്സ് മുക്കുടം മാജിക് ഷോയിലൂടെ ലഹരിക്കെതിരെ ബോധവത്കരണം നടത്തി. മദ്യവിരുദ്ധ ഏകോപന സമിതി കോതമംഗലം താലൂക്ക് പ്രസിഡന്റ് മാത്യൂസ് നിരവത്ത് അധ്യക്ഷത വഹിച്ചു.

മദ്യവിരുദ്ധസമിതി കോതമംഗലം രൂപത ജനറൽ സെക്രട്ടറി ജോണി കണ്ണാടൻ, ബിജു വെട്ടിക്കുഴ, ജിജി പുളിക്കൽ, ജോയി പനക്കൽ, ജോർജ്കുട്ടി ജോയി, സുനിൽ സോമൻ, ജോയി പടയാട്ടി, മാർട്ടിൻ കീഴ്മാടൻ, ജോസ് കൈതമന, കെ. എസ്. ഗോപിനാഥ്, ജോജോ എബ്രഹാം, മൈക്കിൾ കൈതക്കൽ, പോൾ കോങ്ങാടൻ, ജിജു വടക്കെക്കുടിയിൽ, കെ.ടി. ലൈജു, പീറ്റർ ഇടപ്പുളവൻ, കെ.വി. ഏർനെസ്റ്റ്, കെ.പി. ജോൺസൺ എന്നിവർ പ്രസംഗിച്ചു.

## *MVS 4/2025* ലഹരിയ്ക്കെതിരെ ഇടവക സംഘടന തലങ്ങളിൽ സംയുക്ത മുന്നേറ്റം അനിവാര്യം

രൂപതയിലെ എല്ലാ ഇടവകകളിലും പാരിഷ് കൗൺസിലിന്റെയും സംഘടനകളുടെയും കൂട്ടായ സഹകരണത്തോടെ ലഹരിവിരുദ്ധ ക്യാമ്പയിനുകൾ സംഘടിപ്പിച്ച് ലഹരിക്കെതിരെയുള്ള പോരാട്ടം ശക്തിപ്പെടുത്തുവാൻ കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന തല മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കർമ്മപദ്ധതികൾ ആവിഷ്ക രിച്ച് നടപ്പിലാക്കാൻ മദ്യവിരുദ്ധസമിതി കോതമംഗലം രൂപതാ കമ്മി റ്റി തീരുമാനിച്ചു.

ഓരോ ഇടവകയിൽ നിന്നും മദ്യവിരുദ്ധസമിതി പ്രവർത്തനങ്ങ ളിൽ പങ്കെടുക്കുവാൻ താൽപര്യമുള്ള വനിതകൾ ഉൾപ്പെടെ 5 പേരുടെ ലിസ്റ്റ് ഏപ്രിൽ 30-ന് മുമ്പ് താഴെപറയുന്ന വാട്സ്ആപ്പ് നമ്പറുകളിൽ അയച്ച് തന്ന് ബഹു. വികാരിയച്ചന്മാർ സഹകരിക്കണമെന്ന് അഭ്യർത്ഥി ക്കുന്നു.

| | | | |
|---|---|---|---|
| പ്രസിഡന്റ് | - | ജെയിംസ് കോറമ്പേൽ | 9846066947 |
| ജനറൽ സെക്രട്ടറി | - | ജോണി കണ്ണാടൻ | 9744288090 |

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

## *DFC 9/2025* രൂപത സമിതി തിരഞ്ഞെടുപ്പ്

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് കോതമംഗലം രൂപത സമിതിയുടെ 2025-27 വർഷത്തേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2025 മാർച്ച് 4-ന് മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്നു. രൂപത പ്രസിഡന്റ് ടോം ജെ കല്ല റയ്ക്കൽ അദ്ധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ ഉദ്ഘാടനം ചെയ്തു. ഫാ. ജെയ്സൺ നിരവത്ത്, ഡി ഗോൾ കെ ജോർജ്, ഷീല രാജു എന്നിവർ പ്രസംഗിച്ചു. സംസ്ഥാന ജോയിന്റ് ഡയറക്ടർ ഫാ. ജിനോ പുന്നമറ്റത്തിൽ വാരണാധികാരി യായി തിരഞ്ഞെടുപ്പുകൾ നടന്നു.

**തിരഞ്ഞെടുക്കപ്പെട്ട രൂപത ഭാരവാഹികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | - | ഡിഗോൾ കെ ജോർജ്ജ്, കൊളംബേൽ, വെളിയേൽച്ചാൽ |
| ജനറൽ സെക്രട്ടറി | - | ലോറൻസ് അബ്രാഹം, ഏനാനിക്കൽ, പോത്താനിക്കാട് |
| ട്രഷറർ | - | ടോം ജെ കല്ലറയ്ക്കൽ, മുതലക്കോടം |
| വൈസ് പ്രസിഡന്റ് | - | സിബി ജോസ്, പൊതൂർ, പെരിങ്ങഴ |
| ജോ സെക്രട്ടറി | - | സി.എ. തോമസ്, ചരളംകുന്നേൽ, കുണിഞ്ഞി |

**വനിതാവിഭാഗം**

| | | |
|---|---|---|
| പ്രസിഡന്റ് | - | ഷീല രാജു, പാലയ്ക്കൽ, കത്തീഡ്രൽ |
| സെക്രട്ടറി | - | ഡോളി ബെന്നി, പരുന്താനിയിൽ, തൊമ്മൻകുത്ത് |
| ട്രഷറർ | - | ഷീബ സെബാസ്റ്റ്യൻ, വട്ടക്കുഴിയിൽ, തഴുവംകുന്ന് |
| വൈസ് പ്രസിഡന്റ് | - | എൽസി പത്രോസ്, കാളാംപറമ്പിൽ, കറുപ്പംപടി |
| ജോ സെക്രട്ടറി | - | സിനി ജോസഫ്, മാണിവേലിൽ, ചീനിക്കുഴി |

*DFC 10/2025* **ഫൊറോന കൺവെൻഷൻ**

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് തൊടുപുഴ ഫൊറോന കൺവെൻഷൻ മാർച്ച് 8-ന് തൊടുപുഴ ടൗൺ പള്ളി മിനി പാരിഷ് ഹാളിൽ നടന്നു. ഫൊറോന പ്രസിഡന്റ് ജെയ്സൺ ജോർജ് അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ ഉദ്ഘാടനം ചെയ്തു. സബ് സോൺ ഡയറക്ടർ ഫാ. ജയ്സൺ നിരവത്ത് ആമുഖ പ്രഭാഷണവും ഫൊറോന ഡയറക്ടർ റവ. ഡോ. സ്റ്റാൻലി കുന്നേൽ അനുഗ്രഹ പ്രഭാഷണവും നടത്തി.

രൂപത പ്രസിഡന്റ് ടോം ജെ കല്ലറയ്ക്കൽ, ഫൊറോന സെക്രട്ടറി ജോയി മുണ്ടയ്ക്കൽ എന്നിവർ പ്രസംഗിച്ചു. ദീപിക കൊച്ചി ബ്യൂറോ ചീഫ് സിജോ പൈനാടത്ത് ക്ലാസ്സ് നയിച്ചു. രൂപത സെക്രട്ടറി ഡിഗോൾ കെ ജോർജ് ചർച്ചകൾക്ക് നേതൃത്വം നൽകി.

ദീപിക ഫ്രണ്ട്സ് ക്ലബ്ബ് കരിമണ്ണൂർ ഫൊറോന കമ്മിറ്റി മാർച്ച് 11-ന് കരിമണ്ണൂർ സെന്റ് മേരീസ് ഫൊറോന പള്ളി ഹാളിൽ യോഗം ചേർന്നു. ഫൊറോന പ്രസിഡന്റ് തോമസ് കണ്ടത്തിൻകര അദ്ധ്യക്ഷത വഹിച്ച യോഗം രൂപത ഡയറക്ടർ ഫാ. ജോസ് കിഴക്കേയിൽ ഉദ്ഘാ

ടനം ചെയ്തു. ഫൊറോന ഡയറക്ടർ റവ. ഡോ. സ്റ്റാൻലി പുൽപ്ര യിൽ അനുഗഹ പ്രഭാഷണം നടത്തി. രൂപത സെക്രട്ടറി ഡിഗോൾ കെ ജോർജ് സിനി ജോസഫ്, ദേബാർ ജോസഫ് എന്നിവർ പ്രസംഗിച്ചു.

*Co-ordinator*

# യുവദീപ്തി- K.C.Y.M.

*YD 14/2025* **മൂന്നാമത് എപ്പാർക്കിയൽ യൂത്ത് അസംബ്ലി**

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയുടെ ആഭി മുഖ്യത്തിൽ 'യുവജനങ്ങളുടെ വിഭവശേഷി സഭയുടെയും സമൂഹത്തി ന്റെയും സമഗ്ര പുരോഗതിക്കായി' എന്ന ആശയത്തെ മുൻനിർത്തി മൂ ന്നാമത് എപ്പാർക്കിയൽ യൂത്ത് അസംബ്ലി മാർച്ച് 7, 8, 9 തീയതികളി ലായി മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രൂ പതയിലെ വിവിധ ഇടവകകളിൽ നിന്നായി 150 ഓളം യുവജനങ്ങൾ പങ്കെടുത്തു.

*YD 15/2025* **രണ്ടാമത് രൂപതാ തല യുവോത്സവ് ക്രിക്കറ്റ് ടൂർണമെന്റ്**

യുവദീപ്തി കെ.സി.വൈ.എം കോതമംഗലം രൂപതയുടെ നേതൃ ത്വത്തിൽ 2–ാമത് രൂപതാതല യുവോത്സവ് ക്രിക്കറ്റ് ടൂർണമെന്റ് ഫെബ്രു വരി 16, 23 തീയതികളിലായി വിശ്വജ്യോതി കോളേജ് ഓഫ് എൻജി നീയറിംഗ് ആന്റ് ടെക്നോളജി, വാഴക്കുളത്ത് വച്ച് നടത്തപ്പെട്ടു. നെടി യകാട് യൂണിറ്റ് ഒന്നാം സ്ഥാനവും ഉടുമ്പന്നൂർ യൂണിറ്റ് രണ്ടാം സ്ഥാ നവും മീങ്കുന്നം യൂണിറ്റ് മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

*YD 16/2025* **മലേക്കുരിശ് തീർത്ഥാടനം**

50 നോമ്പിന്റെ ചൈതന്യത്തിലും ജൂബിലി ആഘോഷത്തിന്റെ ഭാഗമായും അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ആരക്കുഴ മലേക്കുരിശ് ജൂബിലി തീർ ത്ഥാടനത്തിൽ വിവിധ ഇടവകകളിൽ നിന്നായി നിരവധി യുവജനങ്ങൾ പങ്കെടുത്തു.

*Director*

# ജീസസ് യൂത്ത്

*JY 10/2025* **CPG, HOUSEHOLD**
**& The Seraphic Stage Zonal Night Vigil**

**Subzone Central Prayer Group**

കോതമംഗലം : ചൊവ്വാഴ്ചകളിൽ സെന്റ് ജോസഫ് അസൈലം ഹോം, കോതമംഗലം
തൊടുപുഴ : ബുധനാഴ്ചകളിൽ സെന്റ് സെബാസ്റ്റ്യൻ സ്കൂൾ, തൊടുപുഴ
മൂവാറ്റുപുഴ : വ്യാഴാഴ്ചകളിൽ സെന്റ് അഗസ്റ്റിൻസ് സ്കൂൾ, മൂവാറ്റുപുഴ.

ഏപ്രിൽ മാസത്തെ ഹൗസ്ഹോൾഡ് കൂട്ടായ്മ 6-ാം തീയതി ഞായറാഴ്ച തൊടുപുഴ സബ് സോണിന്റേത് സെന്റ് സെബാസ്റ്റ്യൻസ് സ്കൂളിൽ വച്ചും മൂവാറ്റുപുഴ സബ് സോണിന്റേത് സെന്റ് അഗസ്റ്റിൻസ് സ്കൂളിൽ വച്ചും നടത്തപ്പെടുന്നതാണ്.

ഏപ്രിൽ മാസത്തെ കോതമംഗലം സോണൽ നൈറ്റ് വിജിൽ 11-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടത്തപ്പെടുന്നതാണ്.

*JY 11/2025* **SEED**

കോതമംഗലം സോണിലെ ടീൻസ് മിനിസ്ട്രിയുടെ നേതൃത്വ ത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്കായുള്ള ട്രെയിനിംഗ് പ്രോഗ്രാം SEED 2025 ഏപ്രിൽ മാസം 22-ാം തീയതി മുതൽ 25-ാം തീയതി വരെ നടത്തപ്പെടുന്നതാണ്.

*JY 12/2025* **സോണൽ അസംബ്ലി**

ജീസസ് യൂത്തിനെ സംബന്ധിച്ചുള്ള വളരെ പ്രധാനപ്പെട്ട ചർച്ച കളും, അടുത്ത രണ്ട് വർഷത്തേക്കുള്ള സോണൽ ജീസസ് യൂത്ത് കൗൺസിൽ ഇലക്ഷനും നടത്താനായി ജീസസ് യൂത്ത് കോതമംഗ ലം സോണൽ അസംബ്ലി 2025 ഏപ്രിൽ മാസം 26-ാം തീയതി ശനി യാഴ്ച മുതൽ 27-ാം തീയതി ഞായറാഴ്ച വരെ മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. സോണിൽ നടന്ന സ്പിരിച്ച്വൽ കോൺവർസേഷനുകളുടെ ഏകീകരിക്കപ്പെട്ട പോയിന്റു കൾ അടിസ്ഥാനമാക്കിയാണ് ഏപ്രിൽ മാസത്തിലെ അസംബ്ലിയിലെ പ്രധാന ചർച്ചകൾ.

*JY 13/2025* **Enjoy**

കോതമംഗലം സോണിന്റെ ആഭിമുഖ്യത്തിൽ സോണിൽ നടന്ന പ്രോഗ്രാമുകളിൽ പങ്കെടുത്തവർ ഏപ്രിൽ 14-ാം തീയതി വീണ്ടും ഒന്നിച്ചു കൂടുന്നു. ദൈവാനുഭവങ്ങൾ പങ്കുവയ്ക്കാനും കൂട്ടായ്മയുടെ കൂടെ സഞ്ചരിക്കാനും ഓർമ്മകൾ പുതുക്കാനും ഉള്ള അവസരമായിരിക്കും Enjoy പ്രോഗ്രാം.

*Animator*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 3/2025* **ഫോർമേഷൻ ക്ലാസ്സ്**

മൂന്നാം സഭ (SFO) മൂവാറ്റുപുഴ-കോതമംഗലം റീജിയണുകളുടെ സംയുക്താഭിമുഖ്യത്തിൽ മാർച്ച് 31 തിങ്കളാഴ്ച്ച രാവിലെ 9 മണിക്ക് മൂവാറ്റുപുഴ നിർമ്മല കോളേജിൽ വച്ച് അംഗങ്ങൾക്കായി ഫോർമേഷൻ ക്ലാസ്സ് നടത്തി. (SFO) സീറോ മലബാർ സഭ ഏരിയ പ്രസിഡന്റ് Br. വർഗീസ് വളപ്പില ക്ലാസ്സ് നയിച്ചു. ഫ്രാൻസിസ്കൻ ചൈതന്യത്തെക്കുറിച്ചും നിയമാവലിയെക്കുറിച്ചും ക്ലാസ്സിൽ ചർച്ചകളും അഭിപ്രായ പ്രകടനങ്ങളും നടക്കുന്നതാണ്. ഫ്രാൻസിസ്കൻ ജീവിത രീതികൾ എങ്ങനെ ഓരോ അംഗങ്ങൾക്കും അവരുടെ കുടുംബങ്ങളിലും പ്രാവർത്തികമാക്കി മുന്നേറാം എന്ന വിഷയത്തിൽ SFO നാഷണൽ വൈസ് പ്രസിഡന്റ് Br. ഫ്രാങ്കോ മേക്കാട്ടുകുളം, ഫാ. വർഗീസ് വാഴയിൽ എന്നിവർ സംസാരിക്കും.

*SFO 4/2025* **ആരക്കുഴ തീർത്ഥാടനം**

ഏപ്രിൽ 8 ചൊവ്വാഴ്ച നടക്കുന്ന ആരക്കുഴ തീർത്ഥാടനം തൊടുപുഴ, കോതമംഗലം, മൂവാറ്റുപുഴ SFO റീജിയണുകളുടെ സംയുക്ത നേതൃത്വത്തിൽ ആരക്കുഴ മലേക്കുരിശിൽ നടക്കും. ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ ആരക്കുഴ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ നടത്തിയ സന്ദർശനത്തിന്റെ ഓർമ്മയ്ക്കായിട്ടാണ് SFO എല്ലാവർഷവും ഈ തീർത്ഥാടനം നടത്തിവരുന്നത്. ഏപ്രിൽ 5-ന്

രാവിലെ 9 മണിക്ക് എല്ലാ അംഗങ്ങളും ആരക്കുഴ ഫൊറോന പള്ളിയിൽ എത്തിച്ചേരുകയും തുടർന്ന് മലേക്കുരിശിലേയ്ക്ക് കുരിശിന്റെ വഴി നടത്തി വിശുദ്ധ കുർബാനയ്ക്കു ശേഷം പള്ളി വക നേർച്ചക്കഞ്ഞി കഴിച്ച് തീർത്ഥാടനം അവസാനിപ്പിക്കുന്നു. എല്ലാ അംഗങ്ങളും വാഹനസൗകര്യമുള്ളവരുടെ സഹകരണത്താൽ കൃത്യം 9 മണിക്ക് തന്നെ എത്തിച്ചേരുവാൻ ശ്രമിക്കുക.

SFO രൂപത ആത്മീയ ഉപദേഷ്ടാവ് ഫാ. വർഗീസ് വാഴയിൽ രൂപത പ്രസിഡന്റ് ബ്ര. ജോസ് ജോർജ് ഓലിയപ്പുറം, സെക്രട്ടറി ബ്ര. വിൻസെന്റ് വിതയത്തിൽ, ട്രഷറർ ബ്ര. ജോമോൻ കുര്യാക്കോസ് വണ്ടമറ്റം, ഫോർമേറ്റർ ബ്ര. അരുൺ ജോർജ്, ദേശീയ വൈസ് പ്രസിഡന്റ് ബ്ര. ഫ്രാങ്കോ മേയ്ക്കാട്ടുകുളം, റീജിയൺ ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകും. ഭാഗ്യസ്മരണാർഹനായ പുത്തൻപറമ്പിൽ തൊമ്മച്ചന്റെ ആരക്കുഴ സന്ദർശനത്തിന്റെ ഓർമ്മയ്ക്കായി നടത്തുന്ന ഈ ആരക്കുഴ തീർത്ഥാടനം വൻ വിജയമാക്കുവാൻ എല്ലാ SFO അംഗങ്ങളും കുടുംബാംഗങ്ങളും സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

*Director*

# പ്രാർത്ഥനാഗ്രൂപ്പ്

## *PG 7/2025* KCSC കോതമംഗലം സോൺ, ജൂബിലേവൂസ്-2026

തിരുസന്നിധേ, ആയിരം ദിവസ ഒരുക്ക പ്രാർത്ഥന1000ത്തിൽ 624-ാം ദിവസം മാർച്ച് 16-ാം തീയതി, ഞായറാഴ്ച പൈങ്ങോട്ടൂർ സബ് സോണിൽ, കലൂർ സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ദൈവാലയത്തിൽ നടത്തപ്പെട്ടു.

ഇടവകവികാരി റവ. ഫാ. സെബാസ്റ്റ്യൻ ആരോലിച്ചാലിൽ ജൂബിലി തിരിതെളിച്ച് ആശംസകൾ അർപ്പിച്ചു, സോണൽ ആനിമേറ്റർ റവ. ഫാ ആന്റണി വിളയപ്പിള്ളിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. റവ. ഫാ. നിക്കോളാസ് മൂലശ്ശേരിയിൽ അഭിഷേക ആരാധന നടത്തി. സോൺ, സബ്സോൺ പ്രതിനിധികൾ, വിവിധ ഇട

വകളിൽ നിന്നുളള പ്രാർത്ഥന കൂട്ടായ്മ അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

*Director*

# കേരള ലേബർ മൂവ്മെന്റ്

**KLM 7/2025 തയ്യൽ തൊഴിലാളി ഫോറം (KTWF)**

തയ്യൽ തൊഴിലാളി ഫോറം രൂപതാ കൗൺസിൽ 5-4-2025 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30-ന് നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേരുന്നു. രൂപതാ സോണൽ ഭാരവാഹികൾ, സ്വാശ്രയ ഗ്രൂപ്പ് ഭാരവാഹികൾ എന്നിവരാണ് പങ്കെടുക്കേണ്ടത്.

*Director*

# നെസ്റ്റ് പ്രോഗ്രാം

**Ph. 0485 - 2830033**

**April 2025**

| | | |
|---|---|---|
| 5 | - | Family Apostolate |
| 7 - 9 | - | Pre Marriage Course |
| 12 - 16 | - | Agape Retreat |
| 22 | - | Presbyterium |
| 22 - 25 | - | CML Retreat |
| 26 - 27 | - | Jesus Youth |

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Peringarappillil Sotter | **April** | 22 |
| " | Chemparathy George | " | 24 |
| " | Chettoor George | " | 24 |

| | | | |
|---|---|---|---|
| Rev. Fr. | Edathala George | " | 24 |
| ” | Kadukummackal George | " | 24 |
| ” | Kannadan Varghese | " | 24 |
| ” | Kapiarumala George | " | 24 |
| ” | Karakunnel George | " | 24 |
| ” | Kariamadam George | " | 24 |
| ” | Kochuparambil George | " | 24 |
| ” | Kurisummoottil George | " | 24 |
| ” | Mammoottil George | " | 24 |
| ” | Mandapathil Varkey | " | 24 |
| ” | Matheckal George | " | 24 |
| ” | Marappillil George | " | 24 |
| ” | Nedumkallel George | " | 24 |
| ” | Nedungatt George | " | 24 |
| ” | Nirappath George | " | 24 |
| ” | Oliapuram George (Jr.) | " | 24 |
| ” | Oliapuram George (Sr.) | " | 24 |
| ” | Paramel Varghese | " | 24 |
| ” | Pallikunnel Georgy | " | 24 |
| ” | Parankimyalil George | " | 24 |
| ” | Peechanikunnel George | " | 24 |
| ” | Pottackal George | " | 24 |
| ” | Pullan George | " | 24 |
| ” | Thachil George | " | 24 |
| ” | Thadikkatt George | " | 24 |
| ” | Thanathuparambil George | " | 24 |
| ” | Thekkeattath George | " | 24 |
| ” | Thekkekara George | " | 24 |
| ” | Uralikunnel George | " | 24 |
| ” | Vadakel George | " | 24 |
| ” | Vallomkunnel George | " | 24 |
| ” | Vandanakara George | " | 24 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ഫെബ്രുവരി 2025**

25 • മൂവാറ്റുപുഴ നെസ്റ്റിൽ മാതൃവേദി വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു.

• ഊന്നുകൽ ഇടവകയിൽ SMS സഭയിലെ പരേതയായ സി. ജിൽസ് കുട്ടിയാനിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

26 • ഞാറക്കാട് ഇടവകയിൽ പരേതനായ ജോർജ്ജ് ആർപ്പത്താനത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

28 • കത്തീഡ്രലിൽ സകല മരിച്ചവരുടെയും ഓർമ്മത്തിരുനാളിൽ വി. കുർബാന അർപ്പിച്ച് ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

• നെല്ലിമറ്റം സെന്റ് ജോസഫ്സ് എൽ.പി സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

• കദളിക്കാട് ഇടവകയിൽ പോപ്പുലർ മിഷൻ ധ്യാനത്തിൽ സമാപന സന്ദേശം നൽകി.

**മാർച്ച് 2025**

01 • മൂവാറ്റുപുഴ FCC പ്രൊവിൻഷ്യൽ ഹൗസിൽ രജത – സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

• മാറിക SABS മഠത്തിൽ പരേതയായ സി. ആലീസ് ചെമ്പരത്തിയുടെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

02 • മുണ്ടൻമുടി സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

03 • കത്തീഡ്രലിൽ വിഭൂതി തിരുനാൾ ദിവസം വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

04 • വിജയപുരം പാസ്റ്ററൽ സെന്ററിൽ നാഷണൽ ക്രിസ്ത്യൻ ലീഡേഴ്സ് കോൺക്ലേവിൽ പങ്കെടുത്തു.

• വിശ്വജ്യോതി കോളേജിൽ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

05 • കാക്കനാട് മൗണ്ട് സെന്റ് തോമസിൽ ദീപിക അപെക്സ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

• നെടിയശാല യു. പി സ്കൂളിന്റെ പുതുതായി നിർമ്മിച്ച ഓഫീസ് ബ്ലോക്കിന്റെ വെഞ്ചരിപ്പ് കർമ്മത്തിന് കാർമ്മികത്വം വഹിച്ചു.

• മൂവാറ്റുപുഴ ഇടവകയിൽ പരേതനായ കോക്കണ്ടത്തിൽ കെ. ജെ. ജോണിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

06 • കുറുപ്പുംപടി സെന്റ് റീത്താസ് എൽ. പി സ്കൂളിന്റെ നവതി ആഘോഷ സമ്മേളനം ഉദ്ഘാടനം ചെയ്തു.

07 • കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ ലെയ്റ്റി, ലൈഫ് & ഫാമിലി കമ്മീഷന്റെ മീറ്റിംഗിൽ പങ്കെടുത്തു.

• ആരക്കുഴ മലേക്കുരിശ് തീർത്ഥാടനത്തിൽ പങ്കെടുത്ത് വി. കുർബാന അർപ്പിച്ചു.

08 • പാലാരിവട്ടം POC യിൽ KCPF മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

• മാറിക SABS മഠത്തിൽ പരേതയായ സി. മരിയറ്റ കുന്നപ്പിള്ളിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

09 • മൂവാറ്റുപുഴ നെസ്റ്റിൽ എപ്പാർക്കിയൽ യൂത്ത് അസംബ്ലിയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

• മൈലക്കൊമ്പ് SH മഠത്തിൽ പരേതയായ സി. ജിൽസി തെരേസ് പാറേക്കാട്ടിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

• വാഴക്കുളം CMC മഠത്തിൽ പരേതയായ സി. മരിയറ്റ കാരക്കാട്ടിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

11 ● രൂപതയിലെ നാല് ബാച്ചിലെ വൈദികരുമായി കോൺഫ്രൻസ് നടത്തി.

13 ● മൈലക്കൊമ്പ് സെന്റ് തോമസ് ബി.എഡ് കോളേജിന്റെ വാർഷിക ദിനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

● രാമല്ലൂർ CSN പ്രൊവിൻഷ്യൽ ഹൗസിൽ പരേതയായ സി. ഫ്ളവററ്റ് മാതേക്കലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമികത്വം വഹിച്ചു.

14 ● കാരക്കുന്നം ഇടവകയിൽ പോപ്പുലർ മിഷൻ ധ്യാനത്തിന്റെ സമാപന സമ്മേളനത്തിൽ സന്ദേശം നൽകി.

15 ● മൂവാറ്റുപുഴ നെസ്റ്റിൽ പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

● ആരക്കുഴ ഇടവകയിൽ പരേതനായ പള്ളിത്താഴത്ത് പി. എ. മാണിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

● കോലടി ഇടവകയിൽ പരേതയായ തടത്തിൽ റോസ വർക്കിയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

● മണ്ണയ്ക്കനാട് ഇടവകയിൽ പരേതനായ നാരകത്തിങ്കൽ ജോയ് ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

16 ● മാലിപ്പാറ സെന്റ് മേരീസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

17 ● തോട്ടക്കര ഇടവകയിൽ പരേതനായ ആന്റണി വള്ളമറ്റത്തിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

18 ● മൂവാറ്റുപുഴ CMC മഠത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

● കാക്കനാട് മൗണ്ട് സെന്റ് തോമസിൽ സെമിനാരി പ്രൊഫസേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

19 ● വാഴക്കുളം കാർമ്മൽ സ്റ്റേഡിയത്തിൽ ബൈബിൾ കൺവെൻഷന്റെ ആരംഭദിനത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

20 ● കരിമണ്ണൂർ സെന്റ് മേരീസ് ദൈവാലയത്തിൽ നാല്പതു മണി ആരാധനയിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

● വാഴപ്പിള്ളി FCC മഠത്തിൽ പരേതയായ സി. വിനീത മണ്ണാപ്പറമ്പിലിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

21 ● കോതമംഗലം രൂപതയിലെ മൂന്ന് ബാച്ചിലെ വൈദികരുമായി കോൺഫ്രൻസ് നടത്തി.

22 ● പരീക്കണ്ണി ജീവ മിൽക്ക് സൊസൈറ്റിയുടെ രജത ജൂബിലിയുടെ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു.

23 ● കദളിക്കാട് ഇടവകയിൽ പരേതനായ നെല്ലൂർ രൂപതാംഗം ഫാ. മാത്യൂ കണ്ടിരിക്കലിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വി. കുർബാന അർപ്പിച്ച് കാർമ്മികത്വം വഹിച്ചു.

● ഞാറക്കാട് ഇടവകയിൽ പരേതനായ കുറ്റിയറ കെ. വി ജോസഫിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

# Bishop’s Engagements

## April 2025

| | | | |
|---|---|---|---|
| 01 | Tue | Eucharistic Procession | Vazhakulam |
| 02 | Wed | Eucharistic Procession | Arakuzha |
| 03 | Thu | Eucharistic Procession | Mailacombu |
| 04 | Fri | Eucharistic Procession | Kaliyar |
| 05 | Sat | Eucharistic Procession | Paingottoor |
| | | Family Apostolate | NESTT |
| | | Holy Qurbana | Cathedral |
| 07 | Mon | Eucharistic Procession | Muvattupuzha |
| 08 | Tue | Meeting - Catechism | NESTT |
| | | Eucharistic Procession | Oonnukal |

| | | | |
|---|---|---|---|
| 09 | Wed | Interview | Minor Seminary |
| | | Holy Qurbana | Muthalakodam |
| | | Eucharistic Procession | Velielchal |
| 10 | Thu | Eucharistic Procession | Kuruppumpady |
| 11 | Fri | Eucharistic Procession | Cathedral |
| 12 | Sat | Diaconate | Cathedral |
| 13 | Sun | Holy Qurbana | Pazhampillichal |
| 14 | Mon | Chrism Mass | Cathedral |
| 15 | Tue | Holy Qurbana | Vazhakulam |
| 17 | Thu | Holy Qurbana | Cathedral |
| 18 | Fri | Good Friday | Njayappilly |
| 19 | Sat | Holy Qurbana | Kodikulam |
| 20 | Sun | Holy Qurbana | Cathedral |
| 22 | Tue | Holy Qurbana | Karukadam |
| | | Presbyterium | NESTT |
| | | Convention | Divine Mercy |
| 23 | Wed | Holy Qurbana | Muthalakodam |
| 25 | Fri | Vestition and Minor Orders | Cathedral |
| 26 | Sat | Catechetical Committee | Bishop's House |
| | | Chapel Blessing | Purapuzha |
| 27 | Sun | Holy Qurbana | Divine Mercy |
| | | Holy Qurbana | Murickassery |
| 28 | Mon | Marriage | Nellimattom |
| | | Grand Conference | Chethipuzha |
| 29 | Tue | Vestition - CMC | Cathedral |
| 30 | Wed | Baptism | Nellimattom |
| | | Blessing | Kottappady |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ മാളിയേക്കൽ | ചരമദിനം | 03-05-1988 |
| ഫാ. ചെറിയാൻ പുളിക്കൽ | ” | 04-05-1973 |
| ഫാ. പോൾ കുഴിക്കാട്ട് | ” | 05-05-1976 |
| ഫാ. ജോസഫ് നമ്പ്യാപറമ്പിൽ (Sr.) | ” | 06-05-1989 |
| ഫാ. മാത്യു കാക്കനാട്ട് (Sr.) | ” | 07-05-2006 |
| ഫാ. ജോസഫ് താഴത്തുവീട്ടിൽ | ” | 08-05-1977 |
| ഫാ. അഗസ്റ്റിൻ വട്ടക്കുഴി | ” | 08-05-1995 |
| ഫാ. വറുഗീസ് ചേറ്റൂർ | ” | 10-05-1959 |
| ഫാ. ജോർജ് മോനിപ്പിള്ളി | ” | 12-05-2005 |
| ഫാ. ജോർജ് കാരക്കുന്നേൽ | ” | 14-05-1986 |
| ഫാ. മാത്യു ഏനാനിക്കൽ | ” | 15-05-1980 |
| ഫാ. ജേക്കബ് തേവർപാടം (Sr.) | ” | 17-05-1985 |
| ഫാ. ലൂക്ക് ഞരളക്കാട്ട് | ” | 17-05-2023 |
| ഫാ. ജോസഫ് നെല്ലിക്കുന്നേൽ | ” | 19-05-2022 |
| ഫാ. ജേക്കബ് വട്ടയ്ക്കാട്ട് | ” | 22-05-1999 |
| ഫാ. ജോസഫ് കൊച്ചുപറമ്പിൽ | ” | 25-05-2005 |
| ഫാ. പോൾ കാക്കനാട്ട് (Sr.) | ” | 27-05-1963 |
| ഫാ. ജോസഫ് മുണ്ടയ്ക്കൽ (Sr.) | ” | 29-05-2013 |
| ഫാ. ജോൺ മാതേയ്ക്കൽ | ” | 31-05-1995 |

# നിര്യാതരായി

## സി. ജിൽസ് കുട്ടിയാനിക്കൽ SMS



ഇടവക - കടനാട്
ജനനം - 24-02-1955
ആദ്യവ്രതം - 02-05-1979
നിത്യവ്രതം - 16-05-1987
മരണം - 24-02-2025
മൃതസംസ്കാരം - 25-02-2025 (ഊന്നുകൽ)

## സി. ആലീസ് ചെമ്പരത്തി SABS



ഇടവക - മുതലക്കോടം
ജനനം - 09-01-1940
ആദ്യവ്രതം - 22-04-1961
നിത്യവ്രതം - 25-05-1965
മരണം - 28-02-2025
മൃതസംസ്കാരം - 01-03-2025 (മാറിക)

## സി. മരിയറ്റ കുന്നപ്പിള്ളിൽ SABS



ഇടവക - കരിമണ്ണൂർ
ജനനം - 31-10-1938
ആദ്യവ്രതം - 22-04-1961
നിത്യവ്രതം - 25-05-1965
മരണം - 07-03-2025
മൃതസംസ്കാരം - 08-03-2025 (മാറിക)

## സി. ജിൽസി തെരേസ് പാറക്കാട്ടേൽ SH



ഇടവക - മൈലക്കൊമ്പ്
ജനനം - 24-04-1948
ആദ്യവ്രതം - 02-05-1971
നിത്യവ്രതം - 02-05-1976
മരണം - 07-03-2025
മൃതസംസ്കാരം - 09-03-2025 (മൈലക്കൊമ്പ്)

## സി. മരിയറ്റ CMC കാരക്കാട്ട്



ഇടവക - വാഴക്കുളം
ജനനം - 10-12-1941
ആദ്യവ്രതം - 15-04-1963
നിത്യവ്രതം - 15-04-1967
മരണം - 09-03-2025
മൃതസംസ്കാരം - 09-03-2025 (വാഴക്കുളം)

## സി. ഫ്ളവററ്റ് മാതേയ്ക്കൽ CSN



ഇടവക - ആരക്കുഴ
ജനനം - 21-11-1931
ആദ്യവ്രതം - 19-03-1953
നിത്യവ്രതം - 16-07-1958
മരണം - 12-03-2025
മൃതസംസ്കാരം - 13-03-2025 (രാമല്ലൂർ)

# സി. വിനീത മണ്ണാപ്പറമ്പിൽ FCC



ഇടവക - കരിമണ്ണൂർ

ജനനം - 23-03-1949

ആദ്യവ്രതം - 03-02-1969

നിത്യവ്രതം - 04-05-1976

മരണം - 18-03-2025

മൃതസംസ്കാരം - 20-03-2025 (ഈസ്റ്റ് വാഴപ്പിള്ളി)




ഈശോയുടെ   മനുഷ്യാവതാര ജൂബിലി ആഘോഷത്തിന്റെ ഭാഗമായി
നോമ്പിലെ ആദ്യ വെള്ളിയാഴ്ച രൂപതയുടെ
നേതൃത്വത്തിൽ നടത്തിയ ആരക്കുഴ മലേക്കുരിശ് തീർത്ഥാടനം



ജൂബിലി ആഘോഷങ്ങളുടെ ഭാഗമായിട്ടുള്ള ദിവ്യകാരുണ്യപ്രയാണ
ത്തിന് അഭിവന്ദ്യ പിതാവിന്റെ നേതൃത്വത്തിൽ തുടക്കമായി




വനം വകുപ്പിന്റെ കിരാത നടപടികൾക്കെതിരെ
മലയോര ജനതയുടെ പ്രതിഷേധ റാലി

Deivarajyam
April 2025

R.N.7623/63
Registered No: KL/ALY/0020/2023-2025
Date of Publication: 01/04/2025
Posted at Thodupuzha Stg.
Annual Subscription ₹500

# EPARCHY OF KOTHAMANGALAM

Bishop's House P.B No.6 Kothamangalam - 686 691
Kerala, India
www.dioceseofkothamangalam.org

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

## മാർപാപ്പയുടെ നിയോഗങ്ങളോട് ചേർന്ന് നമുക്കും പ്രാർത്ഥിക്കാം

### പുതിയ സാങ്കേതിക വിദ്യകളുടെ നല്ല ഉപയോഗത്തിനായി

**പുതിയ സാങ്കേതിക വിദ്യകൾ പരസ്പരമുള്ള മനുഷ്യ കൂട്ടായ്മയെ മാറ്റി സ്ഥാപിക്കാതിരിക്കുന്നതിനും മനുഷ്യ വ്യക്തിത്വത്തെ കൂടുതൽ ബഹുമാനിച്ചുകൊണ്ട് ഇന്നത്തെ പ്രതിസന്ധികളെ തരണം ചെയ്യാൻ സാധിക്കുന്നതിനുമായി നമുക്ക് പ്രാർത്ഥിക്കാം**